

HOLY BIBLE

# അറിയിപ്പ്

ഒന്നിലധികം കോപ്പികൾ കിട്ടുന്നവർ ദയവു ചെയ്തു ഞങ്ങളെ അറിയിക്കുക. നിങ്ങളുടെ വിലയേറിയ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഞങ്ങൾ സ്വാഗതം ചെയ്യുന്നു.

എഡിററർ

നിങ്ങളുടെ അഡ്രസിൽ പൂർണ്ണമായോ ഭാഗികമായോ മാററമുണ്ടെങ്കിൽ അതു ഞങ്ങളെ ഉടനെ അറിയിക്കുക. ടൈപ്പിങ്ങിൽ വല്ല തെററും സംഭവിച്ചിട്ടുണ്ടെങ്കിൽ ദയവായി എഴുതുക. മാസിക കിട്ടുന്നതിൽ നിങ്ങൾക്ക് ബുദ്ധിമുട്ട് അനുഭവപ്പെടുന്നുവെങ്കിൽ അതൊഴിവാക്കുവാൻ ഞങ്ങൾ അവലംബിക്കേണ്ട മാർഗ്ഗവും നിർദ്ദേശിച്ച് ഞങ്ങളെ സഹായിക്കുവാൻ താല്പര്യപ്പെടുന്നു

# ബൈബിൾ ട്രൂത്ത്

**Editors :**


**P. K. VARGHESE** **J. C. CHOATE**

*** *** ***

**Published by Church of Christ**

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

**Vol. 1** **September 1987** **No. 6**


സമൂഹത്തിൽ അറിയപ്പെടുന്ന ഒരു വ്യക്തിയുടെ മക്കൾക്കു് ഒരു വിവാഹാലോചന വന്ന സംഭവത്തെക്കുറിച്ചു ഞാൻ കേൾക്കുകയുണ്ടായി. വരന്റെ കുടുംബം സി. എസ്. ഐ. വിഭാഗക്കാരും വധുവിന്റേതു് ലാററിൻകത്തോലിക്ക വിഭാഗക്കാരുമാണ്. സമുദായത്തിന്റെ അന്തസ്സും പ്രതാപവും നിലനിർത്തുവാൻ ആഗ്രഹിച്ച വധൂപിതാവ്, വിവാഹം കത്തോലിക്കാ പള്ളിയിൽ വെച്ചുതന്നെ വേണമെന്നായി. അപ്പോൾ, സി. എസ്. ഐ. പള്ളിയിലെ ഔദ്യോഗിക സ്ഥാനം വഹിക്കുന്ന വരന്റെ പിതാവിനു്, വിവാഹം തങ്ങളുടെ ചർച്ചിൽ വെച്ചുതന്നെ നടത്തണമെന്ന വാശി. ഒടുവിൽ ഒരു സ്ഥലത്തുള്ള പുരോഹിതൻ മറെറാരു സ്ഥലത്തു ചെന്നു വിവാഹം നടത്തി പ്രശ്നം പരിഹരിക്കാമെന്നായി. എന്തുതന്നെയായാലും വിവാഹം ഇന്നു പ്രശസ്തി വിളിച്ചറിയിക്കുന്ന ഒരു ചടങ്ങായി മാറിയിരിക്കുന്നു. വിവാഹം എവിടെ വെച്ചു നടക്കുന്നുവെന്നതിനല്ലാ മറിച്ചു് വിവാഹ ശേഷം ദമ്പതികൾ എങ്ങനെ ജീവിക്കുന്നുവെന്നതിനാണ് പ്രധാനം. സ്നേഹവും സന്തോഷവും പരസ്പര വിശ്വാസവും വിട്ടുവീഴ്ച്ചയും മാതാപിതാക്കൾക്കു് തങ്ങളുടെ മക്കളുടെ ഭാവിയെക്കുറിച്ചു് ഉണ്ടാകേണ്ടതു ആവശ്യമാണ്. സാമുദായിക അന്തസ്സിനേക്കാൾ ആത്മീക മൂല്യങ്ങൾക്കു് ഇവർ പ്രാധാന്യം കൊടുത്തിരുന്നെങ്കിൽ !

**പി. കെ. വർഗ്ഗീസ്**

# " വ്യക്തമായ വാക്കുകൾ "

J. C. ചോട്ട്

കർത്താവായ യേശുക്രിസ്തു താൻ പ്രസ്താവിക്കുവാൻ ഉദ്ദേശിച്ചിരുന്ന സത്യങ്ങൾ വളരെ ചുരുക്കം വാക്കുകളാൽ വ്യക്തമായും, ശക്തമായും തിരുവചനത്തിൽ പറഞ്ഞിരിക്കുന്നതായി നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടോ? വിശദമായ വ്യാഖ്യാനങ്ങളോടെയല്ല കർത്താവു് തന്റെ വചനം പ്രസ്താവിച്ചതും. താൻ എന്താണ് പറയുന്നതു് എന്നു് അദ്ദേഹത്തിനറിയാമായിരുന്നു.... ആ ദൃഢനിശ്ചയത്തോടെ ക്രിസ്തു സത്യങ്ങൾ അവതരിപ്പിച്ചു.

ഇതിനു പരസ്പര വിരുദ്ധമായി, ക്രിസ്തുവും തന്റെ അപ്പോസ്തലന്മാരും ഉച്ചരിച്ച ദൈവിക സത്യത്തെ... പലതരത്തിലുള്ള മാനുഷിക കാഴ്ചപ്പാടുകളും, അഭിപ്രായങ്ങളും, വിശദീകരണങ്ങളും കൂട്ടിച്ചേർത്തുകൊണ്ടു് ഇന്ന് അനേകർ വിശദീകരിക്കുവാൻ ശ്രമിക്കുന്നു. പലഭാഗത്തു നിന്നും പല വാക്യങ്ങൾ തിരഞ്ഞെടുത്തു് ക്രിസ്തു പ്രസ്താവിച്ച സത്യത്തെ പൂർണ്ണമായി മനസ്സിലാക്കുന്നതിൽ നിന്നും അവർ പരാജയപ്പെടുന്നു. സന്ദർഭങ്ങളിലൂടെ മനസ്സിലാക്കേണ്ട സത്യങ്ങളെ മറന്നു്, പലതരത്തിലും അവയെ വിശദീകരിക്കുവാൻ ശ്രമിക്കുന്നതു് നേരായ രീതിയല്ല.

ഈ രീതിയെല്ലാം മാററി ദൈവവചനത്തിൽ മാത്രം പൂർണ്ണമായി ആശ്രയിക്കേണ്ടതാവശ്യമായിരിക്കുന്നു. കർത്താവിന് നമ്മോട് എന്താണ് പറയുവാനുള്ളതെന്നു വചനത്തിൽ കൂടി നാം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.... മാനുഷിക വിശദീകരണമല്ല, ദൈവിക സത്യങ്ങളാണ് നമ്മുടെ ജീവിതത്തിനു ആവശ്യം.

ഇന്നു നമുക്കു ചുററും തെററായ രീതിയിൽ വ്യാഖ്യാനിക്കപ്പെടുന്ന ചില സത്യങ്ങളെ ദൈവ വചനത്തിലൂടെ ശരിയായി നമുക്ക് ചിന്തിക്കാം....

1. രക്ഷയെക്കുറിച്ചു്:—

ക്രിസ്തു പറഞ്ഞു— " വിശ്വസിക്കയും സ്നാനം ഏലക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും; വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും " (മർക്കോസ് 16:16). പക്ഷേ മനുഷ്യർ ഇന്നു പറയുന്നു— ഈ വചനം പ്രസ്താവിക്കുമ്പോൾ ക്രിസ്തു യഥാർത്ഥമായി ഉദ്ദേശിച്ചിരുന്നതു് ഈ വചനത്തിൽ കാണുന്നതു പോലെയല്ല, പിന്നെയോ രക്ഷക്കായി ഒരുവൻ വിശ്വസിച്ചാൽ മാത്രം മതി എന്നാണ്. പക്ഷേ അവന്റെ രക്ഷയുടെ പ്രത്യക്ഷമായ

ഒരു പ്രകടനം മാത്രമാണ് സ്നാനപ്പെടുക എന്നതു്.

നാം ഇന്നു ശ്രദ്ധിക്കേണ്ടതു എന്താണ്? മനുഷ്യർ തങ്ങളുടെ സൗകര്യത്തിനു വേണ്ടി വചനത്തെ വ്യാഖ്യാനിക്കുന്നതു് എന്നല്ല, പിന്നെയോ എന്താണ് ക്രിസ്തു പറഞ്ഞതു് എന്നാണ്.

രക്ഷയ്ക്കു വേണ്ടി നാം എന്താണ് ചെയ്യേണ്ടതു് എന്നു് ക്രിസ്തുവിന്റെ വാക്കുകളിൽ വ്യക്തമല്ലേ.... ?

(മത്തായി 28:18—20, പ്രവൃത്തികൾ 2:38, 22:16, തുടങ്ങിയ ഭാഗങ്ങൾ കൂടി വായിക്കുക).

2. എപ്രകാരമാണ് വിശ്വാസം ഒരു മനുഷ്യന്റെ ഹൃദയത്തിൽ ആരംഭിക്കുന്നതു എന്നതിനെക്കുറിച്ചു് പൗലോസ് വ്യക്തമായി സംസാരിക്കുന്നതു് ശ്രദ്ധിക്കുക—'' ആകയാൽ വിശ്വാസം കേൾവിയാലും, കേൾവി ക്രിസ്തുവിന്റെ വചനത്താലും വരുന്നു '' (റോമർ 10:17). പക്ഷേ ഇന്നു് മനുഷ്യർ വ്യാഖ്യാനിക്കുന്നതു്.... ദൈവവചനത്തേക്കാളുപരിയായി.....ഒരു മനുഷ്യന്റെ കാഴ്ചയാലും, കേൾവിയാലും വിശ്വാസം ഉണ്ടാകുന്നു എന്നാണ്.....അതായതു് ദിവ്യമായ ദർശനത്താലും, രോഗ സൗഖ്യത്താലും വിശ്വാസം ഉണ്ടായി എന്ന് അവകാശപ്പെടാറുണ്ടു്.

ദൈവ വചനമില്ലാത്ത എന്തുതന്നെ ദിവ്യമാണെന്നു് സ്വയം മനുഷ്യർ തങ്ങളുടെ അനുഭവങ്ങളെ സാക്ഷീകരിച്ചാലും യഥാർത്ഥമായ വിശ്വാസം വളർത്തുവാൻ അവക്കൊന്നും കഴിവില്ല.

3. സ്നാനത്തെ അടക്കമായിട്ടാണ് വചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതു്. പൗലോസ്, ഇപ്രകാരം പറയുന്നു—'' സ്നാനത്തിൽ നിങ്ങൾ അവനോടു കൂടെ അടക്കപ്പെടുകയും അവനെ മരിച്ചവരുടെ ഇടയിൽ നിന്നു ഉയിർത്തെഴുന്നേല്പിച്ച ദൈവത്തിന്റെ വ്യാപാര ശക്തിയിലുള്ള വിശ്വാസത്താൽ അവനോടുകൂടെ നിങ്ങളും ഉയിർത്തെഴുന്നേല്ക്കുകയും ചെയ്തു.'' (കൊലൊസ്സ്യർ 2:12). (റോമർ 6:3—4). പക്ഷേ അനേകർ ഇന്നു് സ്നാനത്തെ വ്യാഖ്യാനിക്കുന്നതു തളിക്കുകയോ, കോരി ഒഴിക്കുകയോ ചെയ്യുക ....എന്നതാണ്. ഏതു് നിർവ്വചനമാണ് നിങ്ങൾ സ്വീകരിക്കുക ?

4. ഒരു വ്യക്തി എപ്രകാരമാണ് സഭയോടു ചേർക്കപ്പെടുന്നത് എന്നതിനെ പററി പുതിയ നിയമത്തിൽ നാം ഇപ്രകാരം വായിക്കുന്നു—'' കർത്താവു് രക്ഷിക്കപ്പെടുന്നവരെ ദിനംപ്രതി സഭയോടു ചേർത്തു കൊണ്ടിരുന്നു. '' (പ്രവൃത്തികൾ 2:47).

മാനുഷിക കാഴ്ചപ്പാടിൽ ഇന്നു് അനേകർ സഭകളോടു് ചേരുക എന്നാണ് പറയുക, ചേർക്കുകയാണോ ചേരുകയാണോ ? എതാണ് വചനം വെളിപ്പെടുത്തുന്നതു്.

5. മനുഷ്യർ ഇന്നു കാണുന്ന വിവിധങ്ങളായ സഭകൾക്കു വേണ്ടി (ഭിന്നതയുടെ മാത്രം പര്യായമായ വിവിധസഭകൾ) ദൈവത്തെ സ്തുതിക്കാറുണ്ടു്.... പക്ഷേ ക്രിസ്തു ഐക്യത്തിനു വേണ്ടിയാണ് പ്രാർത്ഥിച്ചതു്. ശ്രദ്ധിക്കുക.... ''ഇവർക്കുവേണ്ടി മാത്രമല്ല, ഇവരുടെ വചനത്താൽ എന്നിൽ വിശ്വസിപ്പാനിരിക്കുന്നവർക്കു വേണ്ടിയും ഞാൻ അപേക്ഷിക്കുന്നു. നീ എന്നെ അയച്ചിരിക്കുന്നു എന്നു ലോകം വിശ്വസിപ്പാൻ അവർ എല്ലാവരും ഒന്നാകേണ്ടതിന്നു, പിതാവേ, നീ എന്നിലും ഞാൻ നിന്നിലും ആകുന്നതു പോലെ അവരും നമ്മിൽ ആകേണ്ടതിനു തന്നേ''

(യോഹന്നാൻ 17:20,21). ഐക്യത്തിനു വേണ്ടിയുള്ള ക്രിസ്തുവിന്റെ ഈ വാക്കുകൾ മനസ്സിലാക്കുവാൻ വളരെ വിഷമമാണോ?

6. പലരും നമ്മുടെ ചുറ്റും പ്രചരിപ്പിച്ചിട്ടുള്ളതു് മനുഷ്യർക്കു് സഭയുടെ തലവന്മാരായി തീരാം എന്നാണ്. പക്ഷേ തിരുവചനത്തിൽ അപ്പോസ്തലനായ പൗലോസ് പറയുന്നതു് സഭയുടെ തല ക്രിസ്തു എന്നാണ്. ''സർവ്വവും അവന്റെ കാല്ക്കീഴാക്കിവെച്ചു അവനെ സർവ്വത്തിനും മീതെ തലയാക്കി എല്ലാററിലും എല്ലാം നിറെക്കുന്നവന്റെ നിറവായിരിക്കുന്ന അവന്റെ ശരീരമായ സഭെക്കു കൊടുക്കയും ചെയ്തിരിക്കുന്നു'' (എഫെസ്യർ 1;22,23).

മനുഷ്യരാണോ അപ്പോസ്തലനായ പൗലോസാണോ സത്യം സംസാരിക്കുന്നത്?

7. മദ്യപാനത്താലും, മററു പല ദൂഷിച്ച സ്വഭാവത്താലും തങ്ങളുടെ ശരീരത്തെ നശിപ്പിക്കുന്ന ക്രിസ്ത്യാനികൾ അവരുടെ പ്രവൃത്തികളെ ന്യായീകരിക്കാറുണ്ടു്.... പക്ഷേ വചനം എന്താണ് പറയുന്നതു്....

''അന്യായം ചെയ്യുന്നവർ ദൈവരാജ്യം അവകാശമാക്കുകയില്ല എന്നു അറിയുന്നില്ലയോ? നിങ്ങളെത്തന്നേ വഞ്ചിക്കാതിരിപ്പിൻ; ദുർന്നടപ്പുകാർ, വിഗ്രഹാരാധികൾ, വ്യഭിചാരികൾ, സ്വയഭോഗികൾ, പുരുഷകാമികൾ, കള്ളന്മാർ, അത്യാഗ്രഹികൾ, മദ്യപന്മാർ, വാവിഷ്ഠാണക്കാർ, പിടിച്ചുപറിക്കാർ എന്നിവർ ദൈവരാജ്യം അവകാശമാക്കുകയില്ല.'' (1. കൊരിന്ത്യർ 6:9–10).

നമുക്കിഷ്ടപ്പെട്ടാലും ഇഷ്ടപ്പെട്ടില്ലെങ്കിലും ഈ സ്വഭാവങ്ങളെ ദൈവം കഠിനമായി എതിർക്കുന്നു.

ഇതുപോലെ അനേകം മാനുഷിക വ്യാഖ്യാനങ്ങളെക്കുറിച്ചു് ശരിയായി ചിന്തിച്ചാൽ അവയെല്ലാം ദൈവ വചനത്തിൽ നിന്നും വിദൂരത്തിലാണ് എന്നു കാണാം. ക്രിസ്തുവും അപ്പോസ്തലന്മാരും

സംസാരിച്ചതു് സത്യം തന്നെയാണ്. നാം അനുസരിച്ചാലും ഇല്ലെങ്കിലും ആ സത്യങ്ങൾക്കു യാതൊരു വ്യത്യാസവുമില്ല. ആ സത്യങ്ങളെ സ്വന്തം ആവശ്യങ്ങൾക്കനുസരിച്ചു് മറച്ചു വയ്ക്കുകയും, വ്യത്യാസപ്പെടുത്തുകയും ചെയ്യുന്നവർ ദൈവ ശിക്ഷാവിധിയാണ് യഥാർത്ഥത്തിൽ നേടിയെടുക്കുന്നതു്....കൂടാതെ തെററായ ഉപദേശങ്ങളിലേക്കു് മററുള്ളവരെ വഴി നടത്തുകയും ചെയ്യുന്നു.

ആയതിനാൽ ദൈവ വചനങ്ങളിലേയ്ക്കു് നാമെല്ലാം പൂർണ്ണ ഹൃദയത്തോടെ ആശ്രയിക്കേണ്ടിയിരിക്കുന്നു. അതു വായിക്കുകയും, പഠിക്കുകയും....പൂർണ്ണമായി അനുസരിക്കുകയും വേണം. നമ്മുടെ ഇഷ്ടത്തിനോ, അറിവിനോ അനുസരിച്ചു് ദൈവവചനം സംസാരിക്കുന്നില്ല എങ്കിൽ വചനത്തെയല്ല, മാറേറണ്ടതു് നമ്മുടെ ചിന്താഗതികളെയും, സ്വഭാവത്തെയുമാണ്. അപ്പോൾ നാം സത്യത്തിന്റെ ദാസന്മാരായി തീരുന്നു...കാരണം ദൈവ വചനം സത്യമാണ്. (യോഹന്നാൻ 17:17).

* * * *

# നമ്മുടെ വഴിയോ, ദൈവത്തിന്റെ വഴിയോ ?

നിങ്ങൾ ജീവിക്കുന്ന ചുററുപാടിൽ നിങ്ങൾക്കു് ഏററവും പരിചയമുള്ള ഒരു റോഡിനെക്കുറിച്ചു് ഒരു നിമിഷം ചിന്തിക്കുമോ ? ഒരുപക്ഷേ നിങ്ങൾ ജോലിയ്ക്കായി ദിവസേന പോകുന്നതോ കുട്ടികളെ സ്കൂളിൽ കൊണ്ടു പോകുന്നതോ, സാധനങ്ങൾ വാങ്ങുവാനോ മറേറാ പോകുന്നതോ ആയ വഴിയായിരിക്കാം...നിങ്ങൾ ഇപ്രകാരം കടന്നു പോകുന്ന വഴിയിൽ എത്ര പള്ളി മന്ദിരങ്ങൾ നിങ്ങൾ കാണുന്നു ?

നിങ്ങൾക്കാവശ്യമുള്ള സാധനങ്ങൾ വാങ്ങുന്നതിനു ചിലപ്പോൾ പല കടകളിൽ മാറി മാറി പോകാറുണ്ടല്ലോ....പക്ഷേ കടകൾ മാറിയതിനാൽ നിങ്ങളുടെ ജീവിത ക്രമത്തിനു് വ്യത്യാസം ഒന്നും വരുന്നതുമില്ല. പല വ്യക്തികളും തങ്ങൾക്കാവശ്യമായ വസ്തുക്കൾ വാങ്ങുന്നതിന് പല കടകളെയാണ് ആശ്രയിക്കാറു്....

(ആവശ്യം ഒന്നായിരുന്നാലും എല്ലാവരും ഒരേ സ്ഥലത്തു നിന്നു തന്നെ ആവശ്യം സാധിക്കാറില്ല...വ്യക്തികളുടെ സൗകര്യമനുസരിച്ചു അവർ പ്രവർത്തിക്കുന്നു.)

പക്ഷേ പല പള്ളി മന്ദിരങ്ങൾ നിങ്ങൾ കാണുമ്പോൾ, അവയെ

ക്കുറിച്ചു് മനസ്സിലാക്കുമ്പോൾ അവയെല്ലാം പരസ്പരം ബന്ധമില്ലാതെ നിലനില്ക്കുന്നതായി അറിയുവാൻ കഴിയുന്നു. കടകൾ പലതായിരുന്നാലും അവർ നല്കുന്ന വസ്തുക്കൾ ഒരേ തരത്തിലാണ് എല്ലാ മനുഷ്യരുടെയും ആവശ്യം നിറവേററുന്നതു് എന്ന തത്വത്തിനു് വ്യത്യാസമായാണ് പള്ളികളുടെ പ്രവർത്തനം. ഇത്തരം വിവിധങ്ങളായ സഭകളുടെ ഉപദേശത്തെക്കുറിച്ചു് മനസ്സിലാക്കുമ്പോൾ എത്രമാത്രം ആശയക്കുഴപ്പം വരുത്തുന്നതും, പരസ്പര വിരുദ്ധവുമാണ് അവ എന്നു മനസ്സിലാകും.

ശരിയായ ഒരു തീരുമാനത്തിൽ ഒരു വ്യക്തിയ്ക്കു് എങ്ങനെ എത്തിച്ചേരാം ? അതോ, തീരുമാനത്തിനു് വലിയ പ്രാധാന്യമില്ലെന്നുണ്ടോ?

സത്യമായ 'സഭ' എന്നു പറയുവാൻ ഒന്നുണ്ടോ ? ഈ പ്രശ്നങ്ങളെക്കുറിച്ചു് നമുക്കു് അല്പമായി ചിന്തിക്കാം.

ക്രിസ്തീയ മണ്ഡലത്തിൽ ഇന്നു കാണുന്ന വിഭാഗീയത വളരെ പരിതാപകരമാണ്. പരസ്പരം ഏററു മുട്ടികൊണ്ടിരിക്കുന്ന നാമധേയ വിഭാഗങ്ങളെ കാണുന്നു. ക്രിസ്ത്യാനികളല്ലാത്ത ജനവിഭാഗം ക്രിസ്തുവിൻെറ സത്യത്തിൽ നിന്നും, ഉദ്ദേശത്തിൽ നിന്നും ദൂരെ മാറിക്കൊണ്ടിരിക്കുന്നു.

അങ്ങനെ സത്യവിരുദ്ധമായി പ്രവർത്തിക്കുന്ന ഇത്തരത്തിലുള്ള സഭാവിഭാഗങ്ങൾ കർത്താവായ യേശുക്രിസ്തുവിൻെറ നാമത്തിനും, തൻെറ രക്തത്താൽ വിലയ്ക്കു വാങ്ങിയ സഭയ്ക്കും നാണക്കേടായി തീർന്നിരിക്കുന്നു. പള്ളി കെട്ടിടങ്ങൾക്കു വേണ്ടിയും, ഭൂമിയ്ക്കു വേണ്ടിയും, അദ്ധ്യക്ഷ സ്ഥാനത്തിനു വേണ്ടിയും നിയമത്തിൻെറ സഹായം തേടികൊണ്ടിരിക്കുന്ന ക്രിസ്തീയ സഭാ ചരിത്രങ്ങൾ അനവധിയാണ്. ക്രിസ്ത്യാനികൾ— അഥവാ ക്രിസ്തുവിൻെറ അനുയായികൾ—എന്ന നാമം ധരിക്കുന്നതിനു് യാതൊരു തരത്തിലും ഇത്തരക്കാർ യോഗ്യതയുള്ളവരല്ല....സ്വാർത്ഥങ്ങളായ ലാഭത്തിനു വേണ്ടിയും മനുഷ്യരാലുള്ള പുകഴ്ചയ്ക്കു വേണ്ടിയും ഇത്തരത്തിലുള്ള സഭാവിഭാഗങ്ങൾ....ജനങ്ങളെ സത്യത്തിൽ നിന്നും അകററി നിർത്തുന്നു....സ്വയമായി അവർ സത്യം അറിയുന്നുമില്ല.... കുരുടൻ കുരുടനെ വഴി കാട്ടിയതു പോലുള്ള അനുഭവമായിരിക്കും ഇക്കൂട്ടർക്കുള്ളതു്.

ദൈവ വചനത്തിൽ സഭയുടെ ഐക്യത്തെക്കുറിച്ചു് എന്താണ് പറഞ്ഞിരിക്കുന്നതു് എന്നു ശ്രദ്ധിക്കാം.

ക്രിസ്തീയ ഐക്യത്തിനുള്ള ശക്തമായ പ്രചോദനമാണ് കർത്താവിൻെറ പ്രാർത്ഥനയിൽ കാണുവാൻ കഴിയുന്നതു്. താൻ ഒററി

കൊടുക്കുന്നതിനു് മുൻപുള്ള രാത്രിയിൽ തൻെറ പിതാവിനോടായി ശിഷ്യന്മാർക്കു വേണ്ടിയും മററുള്ളവർക്കുമായി ക്രിസ്തു ഇപ്രകാരം പ്രാർത്ഥിച്ചു....

''ഇവർക്കുവേണ്ടി മാത്രമല്ല, ഇവരുടെ വചനത്താൽ എന്നിൽ വിശ്വസിപ്പാനിരിക്കുന്നവർക്കു വേണ്ടിയും ഞാൻ അപേക്ഷിക്കുന്നു. നീ എന്നെ അയച്ചിരിക്കുന്നു എന്നു ലോകം വിശ്വസിപ്പാൻ അവർ എല്ലാവരും ഒന്നാകേണ്ടതിന്നു, പിതാവേ, നീ എന്നിലും ഞാൻ നിന്നിലും ആകുന്നതുപോലെ അവരും നമ്മിൽ ആകേണ്ടതിന്നു തന്നേ'' (യോഹന്നാൻ 17:20–21).

ക്രിസ്തുവിൻെറ വചനപ്രകാരം യഥാർത്ഥ ക്രിസ്ത്യാനികളായിതീർന്നവർ ഒന്നായിരിക്കേണ്ടതിൻെറ ആവശ്യം കർത്താവിൻെറ ഈ പ്രാർത്ഥനയിൽ വളരെ വ്യക്തമാണ്....

അപ്പോസ്തലനായ പൗലോസ് കൊരിന്തിലുള്ള വിശ്വാസികൾക്കായി എഴുതുമ്പോൾ ഐക്യത്തിനുവേണ്ടി ശക്തമായി വാദിക്കുന്നതു കാണാം....1 കൊരിന്ത്യർ 1—ാം അദ്ധ്യായം 10 മുതൽ 13 വരെയുള്ള വാക്യങ്ങൾ ശ്രദ്ധിക്കുക—''സഹോദരന്മാരേ, നിങ്ങൾ എല്ലാവരും ഒന്നു തന്നേ സംസാരിക്കയും നിങ്ങളുടെ ഇടയിൽ ഭിന്നത ഭവിക്കാതെ ഏക മനസ്സിലും ഏകാഭിപ്രായത്തിലും യോജിച്ചിരിക്കയും വേണം എന്നു ഞാൻ നിങ്ങളെ നമ്മുടെ കർത്താവായ യേശുക്രിസ്തുവിൻെറ നാമം ചൊല്ലി പ്രബോധിപ്പിക്കുന്നു. സഹോദരന്മാരെ, നിങ്ങളുടെ ഇടയിൽ പിണക്കം ഉണ്ടെന്നു ക്ലോവയുടെ ആളുകളാൽ എനിക്കു അറിവു കിട്ടിയിരിക്കുന്നു. നിങ്ങളിൽ ഓരോരുത്തൻ ഞാൻ പൗലോസിൻെറ പക്ഷക്കാരൻ, ഞാൻ അപ്പല്ലോസിൻെറ പക്ഷക്കാരൻ, ഞാൻ കേഫാവിൻെറ പക്ഷക്കാരൻ, ഞാൻ ക്രിസ്തുവിൻെറ പക്ഷക്കാരൻ എന്നിങ്ങനെ പറയുന്നു പോൽ. ക്രിസ്തു വിഭാഗിക്കപ്പെട്ടിരിക്കുന്നുവോ ? പൗലോസ് നിങ്ങൾക്കു വേണ്ടി ക്രൂശിക്കപ്പെട്ടുവോ ? അല്ല, പൗലോസിൻെറ നാമത്തിൽ നിങ്ങൾ സ്നാനം ഏററുവോ ? ''

പൗലോസ് തൻെറ ലേഖനത്തിൽ മറെറാരിടത്തു് സഭയെ ശരീരമായി താരതമ്യപ്പെടുത്തുന്നു. പല അവയവങ്ങൾ അഥവാ അംഗങ്ങൾ പൂർണ്ണമായ സമർപ്പണത്തോടുകൂടി തലയുടെ നിയന്ത്രണത്തിനു് വിധേയമായിരിക്കുന്നു. അതായതു് ക്രിസ്തു എന്ന തലയുടെ നിയന്ത്രണത്തിൽ ഐക്യത്തോടുകൂടി ചേർന്നിരിക്കുന്ന, ഒന്നായിരിക്കണം ക്രിസ്ത്യാനികൾ (1 കൊരിന്ത്യർ 12—ാം അദ്ധ്യായം നോക്കുക).

പൗലോസിൻെറ വാക്കുകൾ....ഗലാത്യയിലുള്ള വിശ്വാസികൾക്കെഴുതുമ്പോൾ ഈ സത്യത്തെ വ്യക്തമായി ചൂണ്ടികാട്ടുന്നു. ''ക്രിസ്തുവിനോടു ചേരുവാൻ സ്നാനം ഏററിരിക്കുന്ന നിങ്ങൾ എല്ലാവ

രും ക്രിസ്തുവിനെ ധരിച്ചിരിക്കുന്നു. അതിൽ യഹൂദനും, യവനനും എന്നില്ല, ആണും പെണ്ണും എന്നുമില്ല; നിങ്ങൾ എല്ലാവരും ക്രിസ്തുയേശുവിൽ ഒന്നത്രേ'' ഗലാത്യർ 3:27–28.

ഈ ഭാഗങ്ങളെപ്പോലെതന്നെ ക്രിസ്തീയ ഐക്യത്തിനു വേണ്ടിയുള്ള (ദൈവമക്കളുടെ ഐക്യം) മറ്റൊരു അടിസ്ഥാന ഭാഗമാണ് എഫേസ്യർ 4–ാം അദ്ധ്യായം 1മുതൽ 6 വരെയുള്ള വാക്യങ്ങളിൽ കാണുന്നത്....(ദയവായി ഈ ഭാഗം ശ്രദ്ധയോടെ പഠിക്കുക)

ഒരു വസ്തു നിർമ്മിക്കുന്നതിനു വേണ്ടി ഒരു Plan തയ്യാറാക്കി കഴിഞ്ഞ്....എല്ലാം അത്യാവശ്യ സാമഗ്രികളും അതിനു വേണ്ടി ശേഖരിച്ചു കഴിഞ്ഞ്.... ആ വസ്തുവിന്റെ ഉല്പാദനം ആരംഭിക്കുമ്പോൾ....ഉല്പാദിപ്പിക്കപ്പെടുന്നവയെല്ലാം തയ്യാറാക്കിയ Plan അനുസരിച്ചു തന്നെയായിരിക്കും....ഉദാഹരണമായി മെഴുകുതിരി നിർമ്മിക്കുന്നതിനായി ഒരു അച്ച് (Mould) ഉണ്ടാക്കിയിട്ട് അതിലേയ്ക്ക് ഉരുക്കിയ മെഴുകിനെ ഒഴിച്ചു കഴിയുമ്പോൾ നമുക്ക് ലഭിക്കുന്നത്....അച്ചിന്റെ രൂപത്തിലുള്ള മെഴുകുതിരിയാണ്. എത്ര ആയിരം തവണ ഈ പ്രക്രിയ ആവർത്തിച്ചാലും അച്ചിൽ നിന്നു ലഭിക്കുന്ന മെഴുകുതിരിയ്ക്ക് വ്യത്യാസം ഉണ്ടാകുകയില്ല....Pattern Produces Identity കർത്താവായ യേശുക്രിസ്തു രൂപകല്പന ചെയ്തതും, തന്റെ അപ്പോസ്തലന്മാർ ആദ്യ നൂറ്റാണ്ടിൽ നടപ്പിൽ വരുത്തിയതുമായ പുതിയ നിയമ പ്രകാരമുള്ള സുവിശേഷ ഘോഷണത്തിൽ കൂടി ഉല്പാദിക്കപ്പെടുന്നത്....ക്രിസ്തു നിർമ്മിച്ച സഭ തന്നെയായിരിക്കും.... പക്ഷേ ആ വചനം ഉപദേശിക്കുന്ന മനുഷ്യൻ സ്വന്തമായി എന്തെങ്കിലും ആ മാതൃകയോട് കൂട്ടി ചേർക്കുകയോ, വിട്ടുകളയുകയോ ചെയ്താൽ ലഭിക്കുന്നത്....സത്യത്തിൽ നിന്ന് വ്യത്യസ്തമായ, അഥവാ Pattern–ൽ നിന്ന് വ്യത്യാസമുള്ള Production ആയിരിക്കും. ഇതാണ് ഇന്ന് നമ്മുടെ ചുറ്റുപാടിൽ സംഭവിച്ചു കഴിഞ്ഞതും സംഭവിച്ചു കൊണ്ടിരിക്കുന്നതും....ക്രിസ്തുവിന്റെ വചനത്തിൽ അടിസ്ഥാനമാക്കിയ ഉപദേശം ക്രിസ്തുവിന്റെസഭയെ വെളിച്ചത്തു കൊണ്ടു വരുന്നു. ആദിമ നൂറ്റാണ്ടിൽ എപ്രകാരമാണ് ഒരു വ്യക്തി രക്ഷിക്കപ്പെട്ടത് അതിനു വേണ്ടി എന്തെല്ലാം അവർ അനുസരിക്കേണ്ടി വന്നു; എപ്രകാരമാണ് കൂട്ടായ്മ ആചരിച്ചിരുന്നത്, കർത്തൃമേശയിൽ പങ്കെടുത്തിരുന്നത്.... സുവിശേഷ വേലയിൽ അവർ അങ്ങനെ ഉത്സാഹമുള്ളവരായിരുന്നു എന്നെല്ലാം വ്യക്തമായി....തിരുവചനത്തിൽ നിന്ന് മനസ്സിലാക്കുവാൻ സാധിക്കും....

ഇന്ന് സത്യം അന്വേഷിക്കുന്ന വ്യക്തി... മറ്റെല്ലാ മാനുഷിക ഉപദേശങ്ങളെക്കാളും ദൈവ വചനത്തിന് മുൻഗണന കൊടുക്കുമെങ്കിൽ നിങ്ങൾക്കു ചുറ്റും കാണുന്ന വിവിധങ്ങളും അനവധിയുമായ

പള്ളി മന്ദിരങ്ങളെക്കാളും യുക്തമായ, ദൈവത്താൽ അടിസ്ഥാനപ്പെടുത്തിയ, അവന്റെ രക്തത്താൽ സ്ഥാപിച്ച ക്രിസ്തുവിന്റെ സഭയെ കണ്ടെത്തുവാൻ കഴിയും.

സ്വന്തമായ നിലനില്പിനു വേണ്ടി ദൈവ വചനത്തെ മറന്നുകളയുന്ന ക്രിസ്തീയ സഭകളുടെ നിലനില്പു് ശാശ്വതമല്ല...പല വ്യക്തികളുടെയും പിന്നാലെ അണിനിരന്നിരിക്കുന്ന ക്രിസ്തീയ ചരിത്രമാണ് നമുക്കു ചുററും നാം ഇന്നു കാണുന്നതു്...മനുഷ്യനെ പാപത്തിൽ നിന്നു രക്ഷിക്കുവാനായി സ്വർഗ്ഗീയ മഹിമകളെല്ലാം ഉപേക്ഷിച്ചു് ഒരു ദാസനായി ഭൂമിയിലേയ്ക്കു് വന്നു് തന്റെ സ്വന്തം ശരീരവും രക്തവും മനുഷ്യനുവേണ്ടി നല്കിയ, മരണത്തെ വിജയിച്ചു് ഉയിർത്തെഴുന്നേററു് സകല അധികാരങ്ങളുമായി വാഴുന്ന കർത്താവായ യേശുക്രിസ്തുവിന്റെ അധികാരത്തിനു മുൻപിൽ സ്വയം താഴുവാൻ മടികാണിക്കുന്ന മതനായകന്മാർ...യഥാർത്ഥത്തിൽ സേവിക്കുന്നതു് യേശുക്രിസ്തുവിനെ തന്നെയാണോ? അങ്ങനെയെങ്കിൽ ക്രിസ്തുവിന്റെ വചനത്തെക്കാളുപരി അവരെ നയിക്കുന്നത് മററുള്ള പാരമ്പര്യങ്ങളോ, ക്രമങ്ങളോ ആയിരിക്കുകയില്ല. ക്രിസ്തു ഈ അനുസരണത്തെക്കുറിച്ചു് പറഞ്ഞതു് ശ്രദ്ധിക്കുക — ''നിങ്ങൾ എന്നെ സ്നേഹിക്കുന്നു എങ്കിൽ എന്റെ കല്പനകളെ കാത്തുകൊള്ളും'' യോഹന്നാൻ 14:15.

പ്രിയ സുഹൃത്തേ...ഈ സത്യങ്ങളെക്കുറിച്ചു് നിങ്ങൾ എന്തു പറയുന്നു. പരസ്പര വിരുദ്ധങ്ങളായ, ആശയക്കുഴപ്പം സൃഷ്ടിക്കുന്നതായ ഈ വിവിധ സഭാ നിയമങ്ങൾ യഥാർത്ഥമായ സത്യം കണ്ടെത്താനുള്ള ഒരു അനുഗ്രഹമായി സ്വീകരിക്കുമോ?

അതോ...പലതിലൊന്നായി സത്യം അറിയാതെ, ലക്ഷ്യമില്ലാത്ത, മററുള്ളവരുടെ നിയന്ത്രണത്തിൽ മുന്നോട്ടു പോകുവാനാണോ തീരുമാനിക്കുന്നതു്?

വ്യക്തികളല്ല, ദൈവ വചനം തന്നെ ഇതിനായി നിങ്ങളെ സഹായിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

''നിങ്ങളെ വിളിച്ചപ്പോൾ ഏക പ്രത്യാശക്കായി നിങ്ങളെ വിളിച്ചതുപോലെ ശരീരം ഒന്നു, ആത്മാവു ഒന്നു, കർത്താവു ഒരുവൻ, വിശ്വാസം ഒന്നു, സ്നാനം ഒന്നു, എല്ലാവർക്കും മീതെയുള്ളവനും എല്ലാവരിലും കൂടി വ്യാപരിക്കുന്നവനും എല്ലാവരിലും ഇരിക്കുന്നവനുമായി എല്ലാവർക്കും ദൈവവും പിതാവുമായവൻ ഒരുവൻ....'' എഫെസ്യർ 4:4–7

* * * *

# "ക്രിസ്തുവിന്റെ ക്രൂശ്"

ജോൺ. ജി.

പ്രതികൂല സാഹചര്യങ്ങളെ ഒട്ടും പരിഗണിക്കാത്ത അപ്പോസ്തലനായ പൗലോസ് പറയുന്നത് ശ്രദ്ധിക്കുക— 'എനിക്കോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ക്രൂശിൽ അല്ലാതെ പ്രശംസിപ്പാൻ ഇട വരരുത്; അവനാൽ ലോകം എനിക്കും ഞാൻ ലോകത്തിനും ക്രൂശിക്കപ്പെട്ടിരിക്കുന്നു. ഗലാത്യർ 6:14'. യേശുക്രിസ്തുവിന്റെ ക്രൂശ് എന്നു പറയുമ്പോൾ ഉദ്ദേശിക്കുന്നത് ആ മരക്കഷണങ്ങളെയല്ല; ആ ക്രൂശിനെ ആരാധിക്കുന്നത് വെറും അന്ധവിശ്വാസം മാത്രമാണ്. തിരുവചനത്തിൽ ഇത്തരം വസ്തുക്കളെ ആരാധിക്കുവാൻ പറഞ്ഞിട്ടില്ല.

ലോകത്തിലെ പാപങ്ങൾക്കായി, പാപങ്ങളുടെ വിമോചനത്തിനായി കർത്താവായ യേശുക്രിസ്തു അനുഭവിച്ച പീഡനങ്ങളും, മരണവുമാണ് അപ്പോസ്തലൻ ക്രൂശ് എന്ന് സൂചിപ്പിക്കുന്നത്. ഈ ക്രൂശിൽ മാത്രമാണ് താൻ പ്രശംസ ആഗ്രഹിക്കുന്നത് എന്ന് പൗലോസ് പറയുന്നു. അത് എന്താണെന്ന് നമുക്ക് നോക്കാം. ഒന്നാമതായി—മറ്റു മനുഷ്യർ പ്രശംസയായി കരുതുന്നതെല്ലാം പൗലോസ് നഷ്ടമായി കാണുന്നു.

ദൈവത്തിനെക്കുറിച്ചല്ലാത്ത പലകാര്യങ്ങളിലും സ്വയം പ്രശംസിക്കുവാൻ മനുഷ്യർ ആഗ്രഹിക്കുന്നു. ഞങ്ങൾ അബ്രഹാമിന്റെ സന്തതിയാണ് എന്നു പറഞ്ഞുകൊണ്ട് യഹൂദന്മാർ അഭിമാനിച്ചിരുന്നു. പൗലോസും ഒരു യഹൂദനായിരുന്നുവെങ്കിലും അവൻ അങ്ങനെ ചിന്തിക്കുകയുണ്ടായില്ല. നമ്മുടെ പൂർവ്വ പിതാക്കന്മാർ എങ്ങനെ ദൈവത്തെ അനുസരിച്ചിരുന്നു എന്നാണ് നാം പഠിക്കേണ്ടത്.

പരീശന്മാർ തങ്ങളുടെ ഉന്നത സ്ഥാനങ്ങളെക്കുറിച്ച് അഭിമാനിക്കാറുണ്ടായിരുന്നു; കാരണം എല്ലാ ജനവിഭാഗങ്ങളിലും ഉന്നതരായിരുന്നു അവർ. ദൈവത്തെ കണ്ടു മുട്ടുന്നതിനു മുൻപ് പൗലോസ് അപ്രകാരം സ്വയം അഹങ്കരിച്ചിരുന്നു... പക്ഷേ സുവിശേഷത്തിനായി വിളിച്ചു വേർതിരിക്കപ്പെട്ടു കഴിഞ്ഞപ്പോൾ തന്റെ പാപ ജീവിതത്തെക്കുറിച്ചും മറ്റും മനസ്സിലാക്കി ലജ്ജിക്കയത്രേ ചെയ്തത്.

സ്വാർത്ഥ മാനവും, ആത്മീയ അഹങ്കാരവും ഒരിക്കലും ഒരു വ്യക്തിയെ ദിവ്യമായി ദൈവ സന്നിധിയിൽ നിർത്തുകയില്ല. ദൈവത്തിന്റെ വിധിയെ തടുക്കുവാൻ മനുഷ്യന് കഴിയുകയില്ല. 'സകല വിശുദ്ധന്മാരിലും എററവും ചെറിയവനായ എനിക്കു....(എഫേ.

സ്യർ 3:8 ) എന്നാണ് പൗലോസ് തന്നെക്കുറിച്ച് പ്രസ്താവിക്കുന്നത്...എല്ലാം ക്രിസ്തുവിനും താൻ ഒന്നുമില്ലാത്തവനും എന്നു പൗലോസ് മനസ്സിലാക്കി.

പലരും തങ്ങളുടെ വിദ്യാഭ്യാസ നേട്ടങ്ങളെക്കുറിച്ച് അഭിമാനിക്കാറുണ്ട്. പക്ഷേ പൗലോസിന്റെ കാര്യത്തിൽ അന്നത്തെ ഏററവും പ്രസിദ്ധനും, പണ്ഡിതനുമായ ഗമാലിയേലിന്റെ കീഴിലാണ് പൗലോസ് പഠിച്ചത്...അങ്ങനെ വളരെ ഉയർന്ന ഒരു ബുദ്ധിയും അറിവുമാണ് പൗലോസ് നേടിയത്. പക്ഷേ പൗലോസ് ഇവയൊന്നും വിലയുള്ളതായി, അഭിമാനിക്കത്തക്ക കാര്യങ്ങളായി കരുതുന്നില്ല. കൂടാതെ തങ്ങളുടെ സാമൂഹ്യ, ഔദ്യോഗിക പദവികളെക്കുറിച്ച് അഭിമാനിക്കുന്നവർക്ക് ഒരു ചോദ്യമാണ് പൗലോസിന്റെ ജീവിതം. താൻ എരിവുള്ള ഒരു പരീശനായിരുന്നു എന്നതിനേക്കാളുപരി ഒരു റോമൻ പൗരനുമായിരുന്നു. ഒരു വ്യക്തിയ്ക്കു അഭിമാനിക്കാവുന്ന പദവികളെല്ലാം പൗലോസിനുണ്ടായിരുന്നു.

പക്ഷേ ലോകത്തിന്റേതായ അംഗീകാരമോ, പുകഴ്ചയോ അല്ല താൻ ആഗ്രഹിച്ചത്. ഈ ലൗകിക പദവികളെല്ലാം ചവറ് എന്നാണ് ക്രിസ്തുവിന്റെ അപ്പോസ്തലൻ കണ്ടത്...കാരണം തന്റെ ജീവിതത്തിൽ ക്രിസ്തു മഹത്വപ്പെടണം എന്ന് പൗലോസ് ആഗ്രഹിച്ചു...അതിനുവേണ്ടി ക്രൂശ് ചുമപ്പാൻ താൻ തയ്യാറായി.

ണ്ടാമതായി...മററു മനുഷ്യരെല്ലാം ഭോഷത്തരം എന്നു കരുതിയ കാര്യങ്ങൾ അപ്പോ: പൗലോസിന് പ്രശംസനീയമായിരുന്നു.

ക്രിസ്ത്യാനിത്വവുമായി ബന്ധപ്പെട്ട കാര്യങ്ങളെല്ലാം...യഹൂദന്മാർക്കും ജാതികൾക്കും...വെറും മഠയത്തരവും ഭോഷ്കുമായിരുന്നു. പ്രത്യേകിച്ചും....ക്രിസ്തുവിനെയും, പുനരുത്ഥാനത്തെയും കുറിച്ചുള്ള പ്രസംഗം. ക്രിസ്തുവിനെ അംഗീകരിക്കുവാൻ ശ്രമിക്കാത്ത ഒരു സമൂഹമായിരുന്നു അതു്. താഴ്മയും, സ്നേഹവും കരുണയുമായിരുന്നു ക്രിസ്തു പ്രദർശിപ്പിച്ചതെങ്കിലും, സാധുക്കളെയും, രോഗികളെയും സഹായിക്കുവാൻ താൻ ശ്രമിച്ചുവെങ്കിലും അദ്ദേഹത്തെ സ്വീകരിക്കുവാൻ....( അവർക്കുവേണ്ടി വന്ന രാജാവിനെ ) യഹൂദന്മാർക്ക് കഴിഞ്ഞില്ല...ക്രിസ്തുവിന്റെ ശിഷ്യന്മാർ സാധാരണ മീൻപിടുത്തക്കാരായിരുന്നു. അവർ ക്രിസ്തുവിന്റെ ക്രൂശിന്റെ സാക്ഷ്യം പിന്നീട് വഹിക്കുവാൻ ഒരുക്കമുള്ളവരായി തീർന്നു.

കുററവാളികളോടൊപ്പം ക്രൂശിക്കപ്പെട്ട ക്രിസ്തുവിന്റെ വ്യക്തിത്വത്തിനെതിരെ ചെയ്യാവുന്നതെല്ലാം യെഹൂദർ ചെയ്തു....

അപ്പോസ്തലനായ പൗലോസ്...എല്ലാ ജനങ്ങളും പുച്ഛിച്ചു

തള്ളിയ, നിഷേധിച്ച, ക്രിസ്തുവിനുവേണ്ടി ക്രൂശിലെ പ്രശംസ സ്വീകരിക്കുന്നു....ക്രൂശിൽ തറക്കപ്പെട്ട ക്രിസ്തുവിനോടുള്ള തന്റെ സ്നേഹത്തിന്റെയും, അനുസരണത്തിന്റെയും പ്രകടനമായിരുന്നു... തന്റെ പ്രസംഗം... തന്റെ ജീവിത ഉദ്ദേശമോ... ക്രൂശിക്കപ്പെട്ട ക്രിസ്തുവും, പുനരുത്ഥാനവും.

മൂന്നാമതായി ക്രിസ്തുവിന്റെ ക്രൂശിൽ പ്രശംസിക്കപ്പെടുവാൻ അപ്പോസ്തലനായ പൗലോസിന് ഉന്നതങ്ങളായ പല ഉദ്ദേശങ്ങളും, കാരണങ്ങളും ഉണ്ടായിരുന്നു.

കാൽവറിയിലെ ക്രൂശിലേക്കു നാം നോക്കുമ്പോൾ... ലോകത്തിലെ മനുഷ്യരുടെ പാപത്തിന്റെ ശിക്ഷയും, അവരുടെ ബലഹീനതയും ഇല്ലാതായിരിക്കുന്നതായി കാണാം. എങ്ങനെയാണ് ക്രിസ്തുവിന് എല്ലാ മനുഷ്യരെയും മോചിപ്പിക്കുവാൻ കഴിഞ്ഞത്? നമുക്കുവേണ്ടിയും, നമുക്കു പകരമായും മരിച്ചതിനാലും, നമ്മുടെ നിന്ദകൾ വഹിച്ച് ഒരു ശാപമായി തീർന്നതിനാലും.

കുറ്റം ചുമത്തപ്പെട്ട്, ശിക്ഷാവിധി സ്വീകരിച്ച് പാപികൾക്കു പകരമായി ക്രിസ്തു തന്നെ സമർപ്പിച്ചു. രക്ഷയുടെ എല്ലാ അനുഗ്രഹങ്ങളും അങ്ങനെ ക്രൂശിൽ നിന്ന് വരുന്നു, ക്ഷമ ( കൊലൊസ്സ്യർ 1:18 ) സമാധാനം ( കൊലൊസ്സ്യർ 1:20–21 ), കൂടാതെ നീതീകരണവും വിശുദ്ധീകരണവും ( 1 യോഹന്നാൻ 1:7 )

കാൽവറിയിൽ പൂർത്തീകരിക്കപ്പെട്ട ക്രിസ്തുവിന്റെ പ്രവൃത്തിയാലാണ് നമ്മുടെ പ്രാർത്ഥനകളും ദൈവസന്നിധിയിൽ എത്തുന്നത്, സമാധാന ഉടമ്പടി ഉണ്ടായി, രക്ഷയ്ക്ക് ആധാരമായ കാര്യങ്ങൾ നിർവ്വഹിക്കപ്പെട്ടു; ദൈവ വാഗ്ദത്തങ്ങൾ പൂർത്തീകരിച്ചു... എല്ലാം ക്രിസ്തുവിന്റെ ക്രൂശിലെ ത്യാഗത്താൽ.

ദൈവത്തോടുള്ള തന്റെ സ്നേഹത്തിന്റെയും, സേവനത്തിന്റെയും, അനുസരണത്തിന്റെയും പരമ പ്രധാനമായ ഒരു ചടങ്ങായിരുന്നു... ക്രിസ്തുവിന്റെ ക്രൂശിലെ മരണം. ആ ക്രൂശിന്റെ സ്നേഹവും ത്യാഗവും നാം ശരിയായി മനസ്സിലാക്കുന്നുവെങ്കിൽ നമ്മുടെ ഒന്നുമില്ലായ്മയും, കഴിവില്ലായ്മയും വ്യക്തമായി തെളിയും... കൂടാതെ ക്രിസ്തുവിന്റെയും, ദൈവത്തിന്റെയും സ്നേഹവും, ശക്തിയും, നമ്മെ അനുഗ്രഹത്തിലേയ്ക്ക് വഴി നടത്തും. നമ്മുടെ സഹോദരങ്ങളെ നാം സ്നേഹിക്കേണ്ടതിന്റെ ആവശ്യം ക്രൂശിൽ വ്യക്തമാണ്. ക്രൂശിലെ സ്നേഹത്തെ കണ്ടെത്തിയ ഒരു വ്യക്തിയും ദൈവത്തിന് വിരോധമായി, പാപ ജീവിതത്തിലും തിന്മകളിലും ജീവിക്കുകയില്ല.

നാം ഇന്നു വിലയ്ക്കു വാങ്ങപ്പെട്ടിരിക്കുന്നത്, നമുക്ക് ഒരിക്കലും തിരിച്ചു നല്കുവാൻ കഴിയാത്ത ഒരു വിലയോടുകൂടിയാണ് എന്നു നാം അറിയുമ്പോൾ ആ കരങ്ങളിലേയ്ക്ക് നാം നമ്മെ സമർപ്പിക്കും.

ആയതിനാൽ ക്രിസ്തുവിന്റെ ക്രൂശിനെക്കുറിച്ച് നിങ്ങൾ എന്തു വിചാരിക്കുന്നു. പൗലോസിനെപ്പോലെ അതിൽ പ്രശംസ അന്വേഷിപ്പാൻ ഒരുക്കമാണോ ? ക്രൂശിൽ മരിച്ച ക്രിസ്തുവിലും, തന്റെ സുവിശേഷത്തിലും ( യോഹന്നാൻ 8:24, മർക്കൊസ് 16:15–16, എബ്രായർ 11:6 ). അനുസരിക്കുക ക്രിസ്തുവിന്റെ ക്രൂശിനെ പ്രശംസിക്കുവാൻ ആഗ്രഹിക്കുന്നവർ ചെയ്യേണ്ടതാണ്. കൂടാതെ, ജീവിതത്തിൽ നിന്നും നമ്മെ അകററിയിരുന്ന പാപങ്ങളെക്കുറിച്ച് മാനസാന്തരപ്പെടുക ( ലൂക്കൊസ് 13:3, പ്രവൃത്തികൾ 17:30 ). ക്രൂരമായ രീതിയിൽ ക്രൂശിൽ തറക്കപ്പെട്ട ആ ക്രിസ്തുവിനെ ഏററുപറയുക ( മത്തായി 10:32–33, റോമർ 10:9–10 ), ക്രൂശിൽ കൊല്ലപ്പെട്ട ക്രിസ്തുവിനോടൊപ്പം സ്നാനപ്പെടുക ( പ്രവൃത്തികൾ 3:8, ഗലാത്യർ 3:26–27 ). അങ്ങനെ അവനായി നമ്മെത്തന്നെ സമർപ്പിക്കുക ( വെളിപ്പാട് 2:10 ).

ക്രിസ്തുവിന്റെ ക്രൂശിനെ നിഷേധിക്കുന്നവർ നാശത്തിന്റെ പാതയിലേക്കാണ് യാത്ര ചെയ്യുന്നത്. പാപങ്ങൾക്കായി മറെറാരു വഴിയും, രക്ഷകനും ഇല്ല. "കർത്താവായ യേശുക്രിസ്തുവിന്റെ ക്രൂശിൽ അല്ലാതെ പ്രശംസിപ്പാൻ ഇടവരരുത്" എന്ന് പൗലോസ് പറഞ്ഞതിൽ അത്ഭുതമുണ്ടോ ?

---

## വായനക്കാർ എഴുതുന്നു

**Sagar Thankachan, Men's Hostel, Medical College**

**Dear Brother,**

"ദൈവീക പരിജ്ഞാനം മാത്രം ഉൾക്കൊണ്ട ഒരു മാസിക ഇറക്കുകയെന്ന ചിരകാലാഭിലാഷം" സഫലീകൃതമായല്ലോ. അതിലെ എല്ലാ ലേഖനങ്ങളും ആ ആഗ്രഹത്തെ അർത്ഥവത്താക്കുന്നുവെന്നു് അറിയുന്നതിൽ സന്തോഷമുണ്ടു്. ദൈവത്തെക്കാളുപരി മതത്തെ സ്നേഹിക്കുന്നവരെക്കുറിച്ചും ആത്മീയ പരിജ്ഞാനത്തെ തൃണവൽ ഗണിച്ചുകൊണ്ട് ജീവിക്കുന്ന തലമുറയെക്കുറിച്ചുള്ള എഡിറേറാറിയൽ വളരെ ആനുകാലിക പ്രാധാന്യമുള്ള ഒന്നായിരുന്നു. കർത്താവിന്റെ വിചാരവും നമ്മുടെ വിചാരവും തമ്മിലുള്ള അന്തരം തുറന്നു കാണിച്ച "നിങ്ങൾക്കിങ്ങനെ തോന്നുന്നുണ്ടോ" എന്ന ലേഖനത്തിന്റെ author, bro. വിപുൽതോമസിനും, കള്ളപ്രവാചകന്മാരെക്കുറിച്ചു മുന്നറിയിപ്പു തന്ന bro. സാജുജോർജിനും നന്ദി,

**yours faithfully Sagar Thankachan**

# വാർത്തകൾ

## വെളുത്ത വാവ് സൂക്ഷിക്കുക

വെളുത്തവാവ് അക്രമവാസന വർദ്ധിപ്പിക്കുന്നതായി ഒരു പഠനത്തിൽ കണ്ടെത്തി. പാററ്നാ മെഡിക്കൽ കോളേജിലെ ഡോ. പി. സി. താക്കൂറിന്റെ നേതൃത്വത്തിലുള്ള ഒരു സംഘം ഡോക്ടർമാർ നടത്തിയ പഠനത്തിലാണ് വെളുത്ത വാവ് ദിവസം അക്രമ സംഭവങ്ങൾ കൂടുതലാണെന്നു വെളിവായത്. ചന്ദ്രന്റെ ഗുരുത്വാകർഷണം വെളുത്ത വാവ് ദിവസം കൂടുതൽ അനുഭവപ്പെടുന്നതിനാൽ അത് മനുഷ്യരിൽ സൃഷ്ടിക്കുന്ന സ്വാധീനമാണത്രേ ഈ പ്രതിഭാസത്തിനു കാരണം.

## കോളേജ് അദ്ധ്യാപക സമരം.

ലക്ഷക്കണക്കിന് വിദ്യാർത്ഥികളുടെ വിലയേറിയ സമയം നഷ്ടപ്പെടുത്തുന്ന പിടിവാശി വിദ്യാസമ്പന്നരെന്ന് അഭിമാനിക്കുന്ന ഈ അദ്ധ്യാപകർക്ക് ഇനിയെങ്കിലും അവസാനിപ്പിക്കരുതോ ? വികസ്വര രാഷ്ട്രമായി തുടരണോ വികസിത രാഷ്ട്രമാക്കി മാററണോ ഇത്തരം സമരങ്ങൾ ?

## പുക വലിച്ചാൽ

മഹാരാഷ്ട്രയിലെ സർക്കാർ ഓഫീസുകളിൽ പുകവലിയും മുറുക്കിത്തുപ്പും ഗവൺമെന്റ് കർശനമായി നിരോധിച്ചിരിക്കുന്നു. ഈ നിരോധനം ലംഘിച്ചുകൊണ്ട് സർക്കാർ ഓഫീസുകളിലോ പരിസരങ്ങളിലോ പുകവലിക്കുകയോ മുറുക്കിത്തുപ്പുകയോ ചെയ്യുന്നവർക്ക് 100 രൂപ പിഴ നൽകുമെന്നു ഔദ്യോഗിക പത്രക്കുറിപ്പിൽ വ്യക്തമാക്കി.

## ജാതി മനസ്സിൽ നിന്നു മായണം

കേരളത്തിൽ സാമൂഹ്യവിപ്ലവത്തിന് തുടക്കം കുറിച്ച മഹത്തായ അരുവിപ്പുറം സംഭവം കഴിഞ്ഞ് നൂറുവർഷം പിന്നിടാറായപ്പോഴേക്കും ശ്രീനാരായണന്റെ മഹത്തായ സന്ദേശങ്ങളിൽ നിന്നു നാം വ്യതിചലിച്ചുകൊണ്ടിരിക്കുകയാണെന്നു ഡോ. ടി. ഭാസ്കരൻ പ്രസ്താവിച്ചു. ജാതിചിന്ത മനസ്സിൽ നിന്നുപോലും മായിച്ചുകളയണമെന്ന് അദ്ദേഹം പ്രസ്താവിച്ചു.

# പര്യാപ്തമായ ഗ്രന്ഥാലയം

## (An Adequate Library)

ജോൺ വാഡേ

നമ്മളിൽ പലരും പുസ്തക വായന ശീലമാക്കിയിട്ടുള്ളവരും... പല നല്ല പുസ്തകങ്ങളും വാങ്ങി സൂക്ഷിക്കുന്നവരുമാണ്. നമ്മുടെ വീടുകളിൽ നല്ല കുറെ പുസ്തകങ്ങൾ നാം ഉപയോഗത്തിനായി കരുതിയിട്ടുണ്ടു്....

ഇന്നു് ലോകത്തിൽ ലഭിക്കാവുന്ന എല്ലാ പുസ്തകങ്ങളേക്കാളും ശ്രേഷ്ടവും, ഉപയോഗപ്രദവുമായ ഒരു പുസ്തകമാണ്...ബൈബിൾ... അഥവാ ദൈവ വചനം, ദൈവവചനത്തെ അപേക്ഷിച്ചു താഴ്ന്ന നിലവാരം പുലർത്തുന്ന പുസ്തകങ്ങളാണ് മറ്റെല്ലാ പുസ്തകങ്ങളും.

വാൾട്ടർ സ്കോട്ട് എന്ന ഒരു പണ്ഡിതൻ ബൈബിളിനെ പരാമർശിച്ചു പറഞ്ഞതു്... "ഏക യഥാർത്ഥ പുസ്തകം." എന്നാണ്. മറ്റൊരു പണ്ഡിതനായ പാട്രിക് ഹെൻറി പ്രസ്താവിച്ചതു് ഇപ്രകാരമാണ് "ലോകത്തിലെ എല്ലാ പുസ്തകങ്ങളിലും ശ്രേഷ്ടമായത്."

ഒരു മനുഷ്യന്റെ കൈവശം ബൈബിൾ മാത്രമേ വായിക്കുവാനായി ഉള്ളു എങ്കിൽകൂടി... ആ വ്യക്തി യഥാർത്ഥ പരിജ്ഞാനത്തിലേയ്ക്കു്, ജീവിതത്തിന്റെ ശരിയായ കാഴ്ചപ്പാടിലേയ്ക്കു് നയിക്കപ്പെടുന്നു...കാരണം, ദൈവവചനത്തിൽ എല്ലാ കാര്യങ്ങളും രേഖപ്പെടുത്തിയിരിക്കുന്നു എന്നുള്ളതു തന്നെ. ബൈബിളിലെ ചില മേഖലകളിലേയ്ക്കു് നമുക്കു നോക്കാം.

(1) ബൈബിൾ ഏക ചരിത്ര പുസ്തകമാണ്.

ബൈബിൾ മാത്രമാണ് ഭൂമിയുടേയും, മനുഷ്യന്റേയും ആരംഭത്തെക്കുറിച്ചും... പാപത്തിന്റെ ആവിർഭാവത്തെക്കുറിച്ചും പ്രസ്താവിക്കുന്നത്. ഭൂമുഖത്തു് വളരെ വ്യക്തമായ സ്വാധീനം ചെലുത്തിയ, ദൈവത്തിന്റെ പ്രത്യേക ജനമായിരുന്ന യിസ്രായേൽ രാജ്യത്തിന്റെ ഉത്സവവും യാത്രകളും, പീഡനങ്ങളും, തകർച്ചയും എല്ലാം ബൈബിളിൽ നിന്നും മനസ്സിലാക്കാവുന്നതാണ്. ദൈവം മനുഷ്യനെ രക്ഷിച്ച രക്ഷാപദ്ധതിയുടെ ആരംഭവും, വികസനവും... ദൈവ പുത്രനായ യേശുക്രിസ്തുവിന്റെ ഭൂമിയിലെ ജീവിതത്തെക്കുറിച്ചുള്ള വിവരണവും... കണ്ടെത്തുന്നതിനുള്ള ഏക ചരിത്ര ഗ്രന്ഥം ബൈബിൾ മാത്രമാണ്. ക്രിസ്ത്യാനിത്വത്തിന്റെ ആരംഭവും, ജൈത്ര യാത്രയും അതിൽ രേഖപ്പെടുത്തിയിട്ടുണ്ടു്... ലോകത്തിന്റെ

പുരോഗതിയെക്കുറിച്ചും അതിന്റെ അന്ത്യത്തെക്കുറിച്ചും വ്യക്തമായി ബൈബിൾ രേഖപ്പെടുത്തിയിരിക്കുന്നതിനാൽ വളരെ അമൂല്യമാണ് ഈ ഗ്രന്ഥം. ഈ പുസ്തകത്തിൽകൂടി....ലോകത്തിലെ എല്ലാ അധികാരങ്ങളും, രാജ്യങ്ങളും ദൈവ നിയന്ത്രണത്തിലാണ് സ്ഥിതി ചെയ്യുന്നതു് എന്നു മനസ്സിലാക്കുവാൻ കഴിയുന്നു. (ദാനിയേൽ 4:25). വ്യക്തിപരമായി ഭാവിയിൽ എനിക്കു് എന്തു സംഭവിക്കുമെന്നറിയില്ല... പക്ഷേ ഒരു കാര്യം തീർച്ചയായി അറിയാം.... ആരാണ് എന്റെ ഭാവിയെ നിയന്ത്രിക്കുന്നതു് എന്നു്....ആയതിനാൽ ഈ ഗ്രന്ഥത്തിന് നന്ദി.

(2) എന്റെ നിയമ ഗ്രന്ഥമാണ് ബൈബിൾ.

സ്വാതന്ത്ര്യത്തിന്റെ തികഞ്ഞ ന്യായപ്രമാണം എല്ലാവർക്കും വേണ്ടി ഈ പുസ്തകം ഒരുക്കിയിരിക്കുന്നു. (യാക്കോബ് 1:25). ആ പ്രകാരമാണ് ഞാൻ ഭൂമുഖത്തു് ജീവിക്കേണ്ടതെന്നു് തിരുവചനം വ്യക്തമായി അനുശാസിക്കുന്നു... അതായതു്... സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം പോലെ മത്തായി 7:21, കൂടാതെ കർത്താവായ യേശുക്രിസ്തു അരുളി ചെയ്തതു്... അവസാന ദിവസം... യേശുക്രിസ്തു സംസാരിച്ച വചനം തന്നെ നമ്മെ ന്യായം വിധിക്കും എന്നാണ്. ഇപ്രകാരം എന്റെ ജീവിതത്തെ യഥാർത്ഥ രീതിയിൽ നയിക്കുന്നതിന് തികച്ചും യോഗ്യമായ ഒരു സഹായമാണ് ദൈവവചനം വാഗ്ദാനം ചെയ്തിരിക്കുന്നതു്). ഈ വചനത്തെ അനുസരിച്ചു ജീവിക്കുവാൻ കഴിഞ്ഞാൽ ഒരിക്കലും... തെറ്റിലേയ്ക്കോ, ശിക്ഷകളിലേയ്ക്കോ ഒരു മനുഷ്യനും വീഴേണ്ടി വരില്ല.

(3) തത്വചിന്തയുടെ മൂലഗ്രന്ഥമാണ് ബൈബിൾ.

തത്വചിന്തയെന്നതു്...സ്നേഹം പ്രതിഫലിക്കുന്ന ജ്ഞാനത്തിന്റെ മുഖമാണ്. അല്ലെങ്കിൽ ജ്ഞാനത്തോടുള്ള സ്നേഹമാണ്. ആ സ്നേഹമാണ് തത്വചിന്തകളിൽ ദർശിക്കപ്പെടുന്നതു്. സത്യത്തിന്റെയും, വസ്തുതകളുടേയും, നിയമങ്ങളുടേയും, യാഥാർത്ഥ്യങ്ങളുടേയും അന്വേഷണ പഥങ്ങളാണ് തത്വചിന്തകൾ. ധാർമ്മിക നിലവാരവും സദാചാരവും അതിൽ അടങ്ങിയിരിക്കുന്നു. ക്രിസ്തു പറഞ്ഞതു്... ദൈവവചനം സത്യമെന്നാണ്. (യോഹന്നാൻ 17:17). ജനങ്ങൾ തിരുവെഴുത്തുകളെ ശ്രദ്ധിച്ചു്, തങ്ങളുടെ സംസാരം പോലും മറ്റുള്ളവർക്ക് വെളിച്ചം നല്കുന്നതാക്കി തീർക്കുവാൻ കഴിയുന്ന ദൈവവചനങ്ങൾ അവർ തങ്ങളുടെ ജീവിതത്തിൽ പ്രാവർത്തികമാക്കണമെന്ന് യെശയ്യാപ്രവാചകൻ അവരോടു പ്രസ്താവിച്ചു. (യെശയ്യാവ് 8:20). കേൾക്കുന്നവർക്കു് വെളിച്ചവും ബുദ്ധിയും നല്കുന്നവയാണ് ദൈവവചനങ്ങൾ. 13-ാം സങ്കീർത്തനത്തിലെ 9 ഉം 10 ഉം വാക്യങ്ങളിൽ ദാവീദ് രാജാവു് ഇപ്രകാരം എഴുതി... 'യഹോവാഭക്തി നിർമ്മലമായതു; അതു എന്നേക്കും നിലനില്ക്കുന്നു;

യഹോവയുടെ വിധികൾ സത്യമായവ; അവ ഒട്ടൊഴിയാതെ നീതിയുള്ളതാകുന്നു. അവ പൊന്നിലും വളരെ തങ്കത്തിലും ആഗ്രഹിക്കത്തക്കവ; തേനിലും തേൻകട്ടയിലും മധുരമുള്ളവ.”

സത്യം ആത്മാർത്ഥമായി അന്വേഷിക്കുന്ന വ്യക്തി ബൈബിളിൽ സത്യം കണ്ടെത്തും. (യോഹന്നാൻ 8:32). ഐസ്ക് ന്യൂട്ടൻ എന്ന ശാസ്ത്രജ്ഞൻ ഇങ്ങനെ എഴുതി— “ഏറ്റവും ഉയർന്ന തത്വചിന്തകൾ എന്നു ഞാൻ കണക്കാക്കുന്നതു് ദൈവത്തിന്റെ തിരുവെഴുത്തുകളെയാണ്.”

(4) മനശാസ്ത്രത്തെ സംബന്ധിച്ച ആധികാരികഗ്രന്ഥമാണ് ബൈബിൾ.

മനുഷ്യസമൂഹത്തെക്കുറിച്ചു് ഈ പുസ്തകം വ്യക്തമായി സംസാരിക്കുന്നു. മനുഷ്യന്റെ സൃഷ്ടി, സ്വഭാവം എന്നിവയെക്കുറിച്ചു്. നാം ദൈവത്താൽ, ദൈവത്തിന്റെ സാദൃശ്യപ്രകാരമാണ് സൃഷ്ടിക്കപ്പെട്ടതു് എന്നും ( ഉല്പത്തി 1:26–27 ), സാമൂഹിക പ്രശ്നമായ പാപത്തെക്കുറിച്ചും (റോമർ 5:12), ഈ ഗ്രന്ഥം വ്യക്തമായി സംസാരിക്കുന്നു. മനുഷ്യ മനസ്സിനെയും, ആത്മാവിനെയും നശിപ്പിക്കുന്ന പാപത്തിന്റെ കാഠിന്യത്തെപ്പറ്റി സംസാരിക്കുന്ന മറ്റൊരു ഗ്രന്ഥം ഇല്ല. (എഫെസ്യർ 3:1) കൂടാതെ ഈ തിരുവെഴുത്തുകൾ ഇത്തരം മാനുഷിക പ്രശ്നങ്ങൾക്കുള്ള പരിഹാരവും നിർദ്ദേശിക്കുന്നു. ഒരു വ്യക്തിയ്ക്കു് എപ്രകാരം സന്തോഷകരമായ ഒരു ജീവിതം നയിക്കുവാനും, ജീവിതത്തെ നിയന്ത്രിക്കുവാനും കഴിയും എന്ന് ബൈബിളിൽ നിന്ന് മനസ്സിലാക്കാം. ( ഫിലിപ്പിയർ 4:12–13 ). ശിക്ഷാവിധിയിൽ നിന്നും മനുഷ്യർക്കു് മോചനത്തിലേയ്ക്കുള്ള പാതയും ഇതിൽ വിവരിച്ചിരിക്കുന്നു. (റോമർ 8:1–2).

(5) എന്റെ രാഷ്ട്രീയ തത്വങ്ങളുടെ അടിസ്ഥാനമാണ് ബൈബിൾ.

മറ്റു മനുഷ്യരോടും, സമൂഹത്തോടും, രാജ്യങ്ങളിലെ ജനങ്ങളോടും ഉള്ള എന്റെ നിലപാട്, എന്തായിരിക്കണം എന്ന് ബൈബിൾ എന്നെ പഠിപ്പിക്കുന്നു. മുഖപക്ഷം കാണിക്കുന്നത് തെറ്റാണെന്ന് ഈ പുസ്തകം എന്നെ പഠിപ്പിക്കുന്നു. ധനത്തിന്റേയോ, പദവികളുടെയോ വെളിച്ചത്തിൽ മനുഷ്യരെ തിരിച്ചുനിർത്തുന്നത് തെറ്റാണെന്ന് ദൈവ വചനമാകുന്ന ഈ പുസ്തകത്തിലൂടെ ഞാൻ മനസ്സിലാക്കുന്നു. രക്ഷിക്കപ്പെട്ടവരും, രക്ഷിക്കപ്പെട്ടിട്ടില്ലാത്തവരും ആയ രണ്ട് വിഭാഗങ്ങൾ മാത്രമേ ജനങ്ങളിലുള്ളൂ ( അപ്പോ: പ്രവൃ: 10:34–35 ). എന്റെ ഉത്തരവാദിത്വവും കടമയും എന്താണെ

ന്ന് ( അതായത് സുവിശേഷം എല്ലാ ജനങ്ങളോടും സംസാരിക്കുക ). ഈ ബൈബിൾ എന്നെ മനസ്സിലാക്കി ( മർക്കോസ്, 16:15–16 ).

(6) എന്റെ കണക്കിടപാടുകളുടെ സഹായഹസ്തമാണ് ബൈബിൾ. കൂടാതെ എന്റെ സാമ്പത്തിക സഹായിയും.

എനിക്ക് സ്വയമായി രക്ഷിക്കപ്പെടുവാൻ ഞാൻ ഒന്നും നേടിയിട്ടില്ല, അതിന് എനിക്ക് കഴിയുകയുമില്ല എന്നും.... ഞാൻ വെറും ഒരു കടക്കാരൻ മാത്രമാണ് എന്നും ഞാൻ മനസ്സിലാക്കി. നാമെല്ലാം പാപികളാണ് എന്ന് ദൈവ വചനം നമ്മെ ഓർമ്മിപ്പിക്കുന്നു (റോമർ 3:23 ). നമ്മുടെ നീതിപ്രവൃത്തികളെല്ലാം വെറും കറപുരണ്ട തുണിപോലെയാണ് എന്ന് വചനത്തിലൂടെ നാം കാണുന്നു ( യെശയ്യാവ് 64:6 ). പക്ഷേ എന്റെ ഈ കണക്കുബുക്കിനെ നേരായ ഗതിയിലാക്കിയത് കർത്താവായ യേശുക്രിസ്തുവിലൂടെയാണെന്ന് തിരുവചനത്തിലൂടെ ഞാൻ മനസ്സിലാക്കി. ക്രിസ്തുവിന്റെ ശരീരം നമുക്കു പകരമായി സമർപ്പിക്കപ്പെടുകയും അങ്ങനെ നമ്മുടെ കടം തീരുകയും ചെയ്തു. ( എബ്രായർ 10:10 ).

വചനത്തിലൂടെ ഞാൻ മനസ്സിലാക്കിയ സത്യം—എപ്രകാരം എന്റെ ജീവിതം അഭിവൃദ്ധിയിലേയ്ക്ക് നയിക്കാം എന്നാണ്. നാം ദൈവത്തിന് കൊടുക്കുവാൻ തയ്യാറാകുമ്പോൾ അധികമായി ദൈവം നമ്മെ അനുഗ്രഹിക്കുമെന്ന് ബൈബിളിലൂടെ ഞാൻ മനസ്സിലാക്കി. ( ലൂക്കോസ് 6:38, സദൃശ്യവാക്യങ്ങൾ 3:9 ). 2 കൊരിന്ത്യർ 9:1–മുതൽ 6വരെ വാക്യങ്ങളിൽ നിന്നു നല്കണം എന്നു മനസ്സിലാക്കി.

(7) ഭരണ കാര്യങ്ങൾക്ക് ഒരു സഹായിയാണ് ബൈബിൾ.

എന്റെ സമയം, വ്യവസായം, എന്റെ ഭവനം... ജീവിതം, ഇവ എപ്രകാരം നിയന്ത്രിക്കണമെന്ന് ബൈബിളിലൂടെ ഞാൻ പഠിക്കുന്നു. നശ്വരങ്ങളായ ലൗകിക വസ്തുക്കളെക്കാളുപരി ദൈവത്തിന്റെ രാജ്യവും നീതിയും അന്വേഷിക്കേണ്ടതിന്റെ ആവശ്യകത വചനത്തിലൂടെ മനസ്സിലാക്കുന്നു ( മത്തായി 6:33 ). എന്റെ കുട്ടികളെ ദൈവഹിതമനുസരിച്ച് വളർത്തുന്നതിനുള്ള നിർദ്ദേശം ബൈബിളിലൂടെ എനിക്ക് ലഭിച്ചു. ( എഫേസ്യർ 6:4 ).

അങ്ങനെ ക്രിസ്തുവിന് എല്ലാ നിയന്ത്രണങ്ങളും സമർപ്പിക്കുമ്പോൾ എല്ലാ പ്രയാസങ്ങളും മാറുന്നതായി കണ്ടു. ക്രിസ്തു നമ്മിൽ വസിച്ചുകൊണ്ട് നമ്മുടെ നന്മക്കായി എല്ലാം ചെയ്യുന്നു. ( ഗലാത്യർ 2:20 ).

( 8 ) എന്റെ നിക്ഷേപങ്ങളെക്കുറിച്ചും, രക്ഷയെക്കുറിച്ചും ബൈബിൾ വ്യക്തമാക്കി.

നിത്യമായി നിലനില്ക്കുന്ന ഒരു രക്ഷ അഥവാ Insurance നെക്കുറിച്ച് ദൈവ വചനം എന്നെ ബോധവാനാക്കി. നിത്യമായ ഒരു ജീവരക്ഷ എനിക്ക് ബൈബിൾ വാഗ്ദാനം ചെയ്യുന്നു. ശ്രദ്ധിക്കുക.

"ദൈവത്തിന്റെ കൃപാവരമോ നമ്മുടെ കർത്താവായ യേശു ക്രിസ്തുവിൽ നിത്യ ജീവൻ തന്നേ....റോമർ 6:23". ആത്മാവിന്റെ നങ്കൂരവും, സ്ഥിരവും, നിശ്ചയവുമായ ഒരു പ്രത്യാശ നമുക്കായി ഒരുക്കിയിരിക്കുന്നതായി വേദപുസ്തകം രേഖപ്പെടുത്തുന്നു (എബ്രായർ 6:19).

ഈ അനുഗ്രഹത്തിലേയ്ക്ക് എപ്രകാരം പങ്കാളികളാകണം എന്നതിനെക്കുറിച്ച്, കർത്താവിൽ വിശ്വസിക്കുക (എബ്രായർ 11:6), പാപത്തെ തള്ളികളയുകയും മാനസാന്തരപ്പെടുകയും, ചെയ്യുക (പ്രവൃത്തികൾ 17:30–31), ക്രിസ്തുവിന്റെ ശരീരത്തോടു ചേരുന്നതിനായി സ്നാനപ്പെടുക (പ്രവൃത്തി 22:16), അങ്ങനെ പാപങ്ങളുടെ മോചനവും പുത്രത്വവും സ്വീകരിക്കുക എന്നും ഈ തിരുവചനം നമ്മോട് കല്പിക്കുന്നു.
പ്രിയസുഹൃത്തേ....ഈ വിശുദ്ധ ഗ്രന്ഥത്തെ നിങ്ങൾ അനുസരിക്കുമോ ?

* * *

# തിരുവചനത്തിലെ സഭ
# സഭയുടെ ഘടന

## (ORGANIZATION of the CHURCH)

കർത്താവായ യേശുക്രിസ്തുവാണ് സഭ നിർമ്മിച്ചത് (മത്തായി 16:18). ലോകത്തിൽ നിന്നു വിളിച്ചു വേർതിരിക്കപ്പെട്ടവരുടെ കൂട്ടമാണല്ലോ സഭ (കൊലൊസ്സ്യർ 1:13,14); രക്ഷിക്കപ്പെട്ടവരുടെ സമൂഹമാണ് സഭ, (പ്രവൃത്തികൾ 2:47). ക്രിസ്തുവിന്റെ ആത്മീയ ശരീരമാണ് സഭ എന്നും (കൊലൊസ്സ്യർ 1:18). സഭ ഒന്നു മാത്രമാണ് എന്നും (എഫേസ്യർ 4:4) വചനം പഠിപ്പിക്കുന്നു.

സഭ എന്നത് സാർവ്വലൗകികം....അതായത് ലോകത്തിൽ മുഴുവനായിട്ടുള്ളതാണ് എങ്കിലും....ആയിരക്കണക്കിന് പ്രാദേശിക കൂട്ടായ്മകളെ കൊണ്ട് നിറഞ്ഞതാണ്. ഓരോ പ്രാദേശിക കൂട്ടായ്മകളിലും വ്യക്തികളായ അംഗങ്ങൾ ഉൾക്കൊള്ളുന്നു. മറ്റൊരർത്ഥ

ത്തിൽ പറഞ്ഞാൽ ഓരോ കൂട്ടായ്മകളെയും നിയന്ത്രിക്കുന്നത് പൊതുവായി ഏക ഭരണ കേന്ദ്രമല്ല... പിന്നെയോ എല്ലാ കൂട്ടായ്മകളും സ്വന്തമായ ഭരണത്തിൻ കീഴിൽ ആകുന്നു എന്നാണ്. ദേശീയ തലത്തിലോ, അന്തർദേശീയ തലത്തിലോ ഉള്ള ഭരണ, നിയന്ത്രണങ്ങളും ക്രിസ്തുവിന്റെ സഭയ്ക്കില്ല; സകല സഭകളെയും നിയന്ത്രിക്കുവാൻ ഭൂമിയിൽ ഭരണ സ്ഥാപനങ്ങളോ അധിപനോ, അധിപന്മാരോ, വേണമെന്ന് ക്രിസ്തുവിന്റെ വചനത്തിൽ പറഞ്ഞിട്ടില്ല.

വചനം പറയുന്നത്... ക്രിസ്തു സഭയുടെ തല എന്നാണ്. നമുക്ക് ഈ വാക്യങ്ങളെ സൂക്ഷ്മമായി ശ്രദ്ധിക്കാം... "സർവ്വവും അവന്റെ കാല്ക്കീഴാക്കിവെച്ചു അവനെ സർവ്വത്തിനും മീതെ തലയാക്കി എല്ലാറ്റിലും നിറക്കുന്നവന്റെ നിറവായിരിക്കുന്ന അവന്റെ ശരീരമായ സഭക്കു കൊടുക്കയും ചെയ്തിരിക്കുന്നു... എഫേസ്യർ 5:23".

...."ക്രിസ്തു ശരീരത്തിന്റെ രക്ഷിതാവായി സഭക്കു തലയാകുന്നതുപോലെ ഭർത്താവ് ഭാര്യക്ക് തലയാകുന്നു... എഫേസ്യർ 5:23. ...."അവൻ സഭ എന്ന ശരീരത്തിന്റെ തലയും ആകുന്നു; സകലത്തിലും താൻ മുമ്പനാകേണ്ടതിന്ന് അവൻ ആരംഭവും മരിച്ചവരുടെ ഇടയിൽ നിന്നു ആദ്യനായി എഴുന്നേറ്റവനും ആകുന്നു കൊലൊസ്സ്യർ 1:18'.

സുഹൃത്തേ, എന്താണ് ഈ വാക്യങ്ങളിൽ നിന്ന് നാം മനസ്സിലാക്കുന്നത്? സഭക്ക് എത്ര തലയുണ്ടാകും എന്നാണ് വചനം പറയുന്നത്? ഒരേ ഒരു തല മാത്രം... ക്രിസ്തുമാത്രം.... തന്റെ അധികാരം മറ്റുള്ളവരുമായി ക്രിസ്തു പങ്കിടുന്നില്ല.

സഭ എന്നത് പ്രാദേശികമായി നിലവിലിരിക്കുന്ന പല കൂട്ടായ്മകളാണെന്നും, ഈ സഭയുടെ തല ക്രിസ്തുവാണ് എന്നും മനസ്സിലാക്കിയതിനാൽ; ഈ പ്രാദേശിക സഭകളുടെയെല്ലാം തല അല്ലെങ്കിൽ അധികാരവും.... ഇവയിലെ വ്യക്തികളുടെ നിയന്ത്രണ കേന്ദ്രവും... ക്രിസ്തുവാണ് എന്ന് വ്യക്തമായി തെളിയുന്നു. ഈ പശ്ചാത്തലത്തിലാണ് പൗലോസ് താഴെ കാണുന്ന വസ്തുത പ്രസ്താവിച്ചത്.... "എന്നാൽ ഏത് പുരുഷന്റെയും തല ക്രിസ്തു, സ്ത്രീയുടെ തല പുരുഷൻ. ക്രിസ്തുവിന്റെ തല ദൈവം എന്നു നിങ്ങൾ അറിയേണം എന്നു ഞാൻ ആഗ്രഹിക്കുന്നു. 1 കൊരിന്ത്യർ 11:3.

ഓരോ പ്രാദേശിക സഭയ്ക്കും... ക്രിസ്തു തലയായിട്ടുള്ള സ്വന്തമായ ആവശ്യങ്ങളും മറ്റു പ്രശ്നങ്ങളും കൈകാര്യം ചെയ്യുന്നതിന്

അംഗങ്ങളുടെ ഇടയിൽ നിന്നു തന്നെ തിരഞ്ഞെടുത്ത മൂപ്പൻമാരും ( Elders ) ശുശ്രൂഷക്കാരുമുണ്ടായിരിക്കും ( Deacons ).

മൂപ്പൻമാർ പ്രധാനമായും ആത്മീയ കാര്യങ്ങളെക്കുറിച്ച് കൂടുതൽ ശ്രദ്ധിക്കുമ്പോൾ ( എബ്രായർ 13:7 ) ശുശ്രൂഷക്കാർ ഭൗതികമായ വശങ്ങളിൽ കൂടുതൽ ശ്രദ്ധ കൊടുക്കുന്നു. ( പ്രവൃത്തികൾ 6 ). തിരുവചനത്തിൽ ഓരോ സ്ഥലങ്ങളിലുള്ള സഭയിലെ മൂപ്പൻമാരെക്കുറിച്ചും, ശുശ്രൂഷക്കാരെക്കുറിച്ചും രേഖപ്പെടുത്തുമ്പോൾ ഒന്നിലധികം മൂപ്പൻമാരും, ശുശ്രൂഷക്കാരും ഉള്ളതായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഒരു സഭയിലെ മൂപ്പൻമാരും, ശുശ്രൂഷക്കാരും മറ്റൊരു സഭയെ നിയന്ത്രിക്കുവാനോ, ഭരിക്കുവാനോ അനുവദിക്കപ്പെട്ടിട്ടില്ല. സഭകളെല്ലാം ഒന്നായാണ് പ്രവർത്തിക്കേണ്ടത് എങ്കിലും ഒരിക്കലും ഭരണകാര്യങ്ങൾ പരസ്പരം നിയന്ത്രണം നടത്തുന്നത് നിരോധിച്ചിരിക്കുന്നു.

**Elder, Pastor, Bishop, shepherd, Presbyter**. ഈ വിവിധങ്ങളായ പേരുകളെല്ലാം ഒരേ പദവിയെയാണ് സൂചിപ്പിക്കുന്നത്. പൗലോസ് 1 തിമൊഥെ 3:1–7 വരെയുള്ള വാക്യങ്ങളിൽ ഈ പദവിയ്ക്കായുള്ള ചില യോഗ്യതകൾ വിവരിക്കുന്നത് ശ്രദ്ധിക്കുക.

''ഒരുവൻ അദ്ധ്യക്ഷസ്ഥാനം കാംക്ഷിക്കുന്നു എങ്കിൽ നല്ല വേല ആഗ്രഹിക്കുന്നു. എന്നുള്ളതു വിശ്വാസ യോഗ്യം ആകുന്നു. എന്നാൽ അദ്ധ്യക്ഷൻ നിരപവാദ്യനായി ഏക ഭാര്യയുടെ ഭർത്താവും നിർമ്മദനും ജിതേന്ദ്രിയനും സുശീലനും അതിഥിപ്രിയനും ഉപദേശിപ്പാൻ സമർത്ഥനും ആയിരിക്കേണം. മദ്യപ്രിയനും തല്ലുകാരനും അരുത്; ശാന്തനും കലഹിക്കാത്തവനും സ്വന്തകുടുംബത്തെ നന്നായി ഭരിക്കുന്നവനും മക്കളെ പൂർണ്ണ ഗൌരവത്തോടെ അനുസരണത്തിൽ പാലിക്കുന്നവനും ആയിരിക്കേണം: സ്വന്ത കുടുംബത്തെ ഭരിപ്പാൻ അറിയാത്തവൻ ദൈവസഭയെ എങ്ങനെ പരിപാലിക്കും ? നിഗളിച്ചിട്ടു പിശാചിനു വന്ന ശിക്ഷാവിധിയിൽ അകപ്പെട്ടു പോകാതിരിപ്പാൻ പുതിയ ശിഷ്യനും അരുത്. നിന്ദയിലും പിശാചിന്റെ കണിയിലും കുടുങ്ങാതിരിപ്പാൻ പുറമെയുള്ളവരോടു നല്ല സാക്ഷ്യം പ്രാപിച്ചവനും ആയിരിക്കേണം''.

തീത്തോസ് 1:5–9 വരെയുള്ള ഭാഗങ്ങളിലും ഈ യോഗ്യതകൾ രേഖപ്പെടുത്തിയിട്ടുണ്ട്. സഭയിലുള്ള എല്ലാ അംഗങ്ങൾക്കും അദ്ധ്യക്ഷൻമാരാകുവാൻ കഴിയുകയില്ല എന്ന് ഇതിൽ വ്യക്തമാണല്ലോ. ഒരു സഭയിൽ അംഗങ്ങൾ ആരും ഈ യോഗ്യതയ്ക്കൊപ്പം വളർന്നിട്ടില്ല എങ്കിൽ അദ്ധ്യക്ഷൻമാരായി ചിലർ യോഗ്യത പ്രാപിക്കുന്നതുവരെ സഭയിലെ പുരുഷൻമാർ കാര്യങ്ങൾ ഏറ്റെടുത്തു നടത്തണം.

മൂപ്പന്മാരുടെ കീഴിൽ, അവരെ സഹായിക്കുന്നതിനായാണ് ശുശ്രൂഷക്കാരെ തിരഞ്ഞെടുക്കുന്നത്. അവർക്കായുള്ള യോഗ്യതകളും പൗലോസ് രേഖപ്പെടുത്തിയിട്ടുണ്ട്.... ''അവ്വണ്ണം ശുശ്രൂഷകന്മാർ ഘനശാലികളായിരിക്കേണം; ഇരുവാക്കുകാരും മദ്യപന്മാരും ദുർല്ലാഭമോഹികളും അരുതു. അവർ വിശ്വാസത്തിന്റെ മർമ്മം ശുദ്ധ മനസ്സാക്ഷിയിൽ വെച്ചുകൊള്ളുന്നവർ ആയിരിക്കേണം. അവരെ ആദ്യം പരീക്ഷിക്കേണം; അനിന്ദ്യരായി കണ്ടാൽ അവർ ശുശ്രൂഷ ഏല്ക്കട്ടെ. അവ്വണ്ണം സ്ത്രീകളും ഘനശാലികളായി ഏഷണി പറയാതെ നിർമ്മദമാരും എല്ലാററിലും വിശ്വസ്തമാരുമായിരിക്കേണം. ശുശ്രൂഷകന്മാർ ഏകഭാര്യയുള്ള ഭർത്താക്കന്മാരും മക്കളെയും സ്വന്ത കുടുംബങ്ങളെയും നന്നായി ഭരിക്കുന്നവരും ആയിരിക്കേണം 1തിമൊഥെ 3:8–13.''

ഇതാണ് സഭയുടെ ദൈവീകമായ ഭരണഘടന. ക്രിസ്തു തലയായി....എല്ലാ പ്രാദേശിക സഭകൾക്കും അവരുടേതായ മൂപ്പന്മാരും ശുശ്രൂഷക്കാരും.....അവരുടെ കൂടെതന്നെ ഉപദേശിക്കുന്നവരും, പഠിപ്പിക്കുന്നവരും, അംഗങ്ങളും ഉണ്ടായിരിക്കും. ഒരു പ്രാദേശിക കൂട്ടായ്മ (സഭ) ഈ ഘടനയിൽ മാററം വരുത്തി തെററിപ്പോയാലും മററ് കൂട്ടായ്മകളെ അതു ബാധിക്കുകയില്ല.

മററ് പ്രാദേശിക സഭകളുള്ളതിൽ തൊണ്ണൂററി ഒൻപതും തെററിപ്പോയാലും ഒന്നിന് വിശ്വസ്തമായി നിൽക്കുവാൻ സാധിക്കും. കാരണം....പരസ്പരം ഭരിക്കുന്ന സമ്പ്രദായമല്ല സഭകളുടേത്. അവർ ക്രിസ്തുവിൽ ഒന്നാണ്....ഒരേ ലക്ഷ്യവും, പ്രവർത്തനങ്ങളും തന്നെ പരസ്പരം ദിവ്യമായ കൂട്ടായ്മയും ഉണ്ടായിരിക്കും....പക്ഷേ ഭരണ കാര്യങ്ങൾ സ്വന്തമായി കൈകാര്യം ചെയ്യുന്നു.

പത്രോസിനെയോ, മററു മനുഷ്യരെയോ സഭയുടെ തലയായി തിരുവചനത്തിൽ ഏതു ഭാഗമെങ്കിലും പ്രസ്താവിച്ചതായി കണ്ടിട്ടുണ്ടോ ? ഒരു ബിഷപ്പോ, പട്ടക്കാരനോ വളരെ യധികം സഭകളെ ഭരിക്കുന്നതായി വേദ പുസ്തകത്തിൽ വായിക്കുവാൻ കഴിയുമോ ?.

ഇന്ന് ഭൂരിഭാഗവും ദൈവം, കല്പന ചെയ്ത രൂപത്തിൽ നിന്നും, സഭയുടെ പ്രവർത്തന ശൈലിയിൽ നിന്നും തെററി സ്വന്തമായ ശൈലികൾ ആവിഷ്ക്കരിച്ചിരിക്കുന്നു....ഇത്രയധികം വ്യത്യസ്തങ്ങളായ വിഭാഗങ്ങൾ ഉണ്ടാകുവാൻ കാരണവും ഇതു തന്നെ.

ആയതിനാൽ തിരുവചനത്തിലേയ്ക്ക് തന്നെ എല്ലാകാര്യത്തിനുമായി തിരിച്ചു പോകുവാൻ നമുക്ക് ശ്രമിക്കാം.

തുടരും

* * *

# വീണ്ടും സ്നാനമോ ?

സണ്ണി ഡേവിഡ്

'വീണ്ടും സ്നാനപ്പെടുക' എന്ന പ്രയോഗം തിരുവചനത്തിൽ ഒരിടത്തും പ്രയോഗിച്ചിട്ടില്ല....പക്ഷേ ബൈബിളിൽ ഏക സ്നാനത്തെ പററി രേഖപ്പെടുത്തിയിട്ടുണ്ട്... എഫേസ്യർ 4—ാം അദ്ധ്യായം 4 മുതൽ 6 വരെയുള്ള വാക്യങ്ങളിൽ ഇപ്രകാരം കാണാം—''നിങ്ങളെ വിളിച്ചപ്പോൾ ഏക പ്രത്യാശക്കായി നിങ്ങളെ വിളിച്ചതു പോലെ ശരീരം ഒററു, ആത്മാവു ഒന്നു, കർത്താവു ഒരുവൻ, വിശ്വാസം ഒന്ന്, സ്നാനം ഒന്ന്, എല്ലാവർക്കും മീതെയുള്ളവനും എല്ലാവരിലും കൂടി വ്യാപരിക്കുന്നവനും എല്ലാവരിലും ഇരിക്കുന്നവനുമായി എല്ലാവർക്കും ദൈവവും പിതാവുമായവൻ ഒരുവൻ....''രണ്ട് ദൈവമോ, രണ്ടു ക്രിസ്തുവോ ഉണ്ടാകുവാൻ സാദ്ധ്യതയില്ലാത്തതു പോലെ രണ്ട് സ്നാനവും ഉണ്ടാകുവാൻ സാദ്ധ്യതയില്ല എന്നു വ്യക്തം.

ചിലർ സ്നാനത്തെപ്പററി ശരിയായ രീതിയിൽ പഠിപ്പിക്കാതെ, സ്നാനത്തിനായി മററുള്ളവരെ പ്രേരിപ്പിക്കുകയും....ആ വ്യക്തികൾ പിന്നീട് തങ്ങൾ സ്വീകരിച്ച സ്നാനം വചനപ്രകാരമല്ല എന്ന് മനസ്സിലാക്കി വചനപ്രകാരമുള്ള സ്നാനത്തിനായി തയ്യാറാകുമ്പോൾ.... അത് ഒരിക്കലും രണ്ടാമത്തെ സ്നാനമല്ല....കാരണം വചനപ്രകാരമുള്ള സ്നാനം ഒന്നു മാത്രം. വചനത്തിൽ എന്തിനുവേണ്ടിയാണ് സ്നാനം കല്പിച്ചിരിക്കുന്നത് എന്നു മനസ്സിലാക്കാതെ വെറും ഒരു ചടങ്ങായി സ്നാനപ്പെടുന്നവർ വചന പ്രകാരമുള്ള സ്നാനം ഏല്ക്കുന്നില്ല. ആയതിനാൽ പിന്നീട് അവർ സത്യം മനസ്സിലാക്കി യഥാർത്ഥമായ ക്രിസ്തീയ സ്നാനത്തിന് തയ്യാറാകുമ്പോൾ മാത്രമാണ് 'ഏകസ്നാന'ത്തിന്റെ പങ്കാളികളായി അവർ മാറുന്നത്.

ഇന്ന് ഭൂമുഖത്തു വചനപ്രകാരമുള്ള സ്നാനമെന്തെന്ന് മനസ്സിലാക്കാതെ തങ്ങൾ ക്രിസ്തുവിന്റെ കല്പനയായ സ്നാനം സ്വീകരിച്ചവരാണ് എന്ന് അവകാശപ്പെടുന്നവർ അനേകരുണ്ട്. ഉദാഹരണമായി 'വെള്ളത്താൽ തളിക്കപ്പെട്ട്' സ്നാനമേററവർ വചനപ്രകാരമുള്ള സ്നാനമല്ല സ്വീകരിച്ചത്. ദൈവവചന പ്രകാരമുള്ള സ്നാനം ഏല്ക്കാതെ തന്നെ മതപരമായി തീഷ്ണതയുള്ളവരും, ദൈവ വേലയ്ക്കായി പ്രവർത്തിക്കുകയും, ഉപദേശിക്കുകയും ചെയ്യുന്നവരും വളരെയധികം നമുക്ക് ചുററുമുണ്ട്. ശിശുക്കളായിരുന്നപ്പോൾ ഞങ്ങൾ സ്നാനപ്പെട്ടവരാണ് എന്ന് അവർ അവകാശപ്പെടുന്നു. (വചനം സ്വീകരിച്ച്, മാനസാന്തരപ്പെടുവാൻ ഏതു ശിശുവിനാണ് കഴിയുക... കൂടാതെ എഹസ്ക്കേൽ 18—ാം അദ്ധ്യായം വായിക്കുക ).

തിരുവചനത്തിലെ 'സ്നാനം' ഒരു അടക്കം അഥവാ—വെള്ളത്തിൽ നിമഞ്ജനം ചെയ്യുക എന്ന പ്രക്രിയയാണ്. 'BAPTIZO' എന്ന ഗ്രീക്കു പദത്തിൽ നിന്നാണ് നാം ഇംഗ്ലീഷിൽ ഉപയോഗിക്കുന്ന Baptism എന്ന പദം രൂപം കൊണ്ടതു്. ഗ്രീക്കു് വാക്കിന്റെ അർത്ഥം അടക്കം, നിമഞ്ജനം എന്നാണ്. ആയതിനാലാണ് തിരുവചനത്തിൽ സ്നാനത്തെ പറ്റി രേഖപ്പെടുത്തുമ്പോൾ— ''സ്നാനത്തിൽ നിങ്ങൾ അവനോടു കൂടെ അടക്കപ്പെടുകയും അവനെ മരിച്ചവരുടെ ഇടയിൽ നിന്നു ഉയിർത്തെഴുന്നേല്പിച്ച ദൈവത്തിന്റെ വ്യാപാര ശക്തിയിലുള്ള വിശ്വാസത്താൽ അവനോടു കൂടെ നിങ്ങളും ഉയിർത്തെഴുന്നേല്ക്കുകയും ചെയ്തു (കൊലൊസ്സ്യർ 2:12). '' എന്നു കാണുന്നു. പൗലോസ് റോമിലുള്ള വിശ്വാസികൾക്കെഴുതുമ്പോൾ ഇപ്രകാരം എഴുതി—'' അങ്ങനെ നാം അവന്റെ മരണത്തിൽ പങ്കാളികളായിത്തീർന്ന സ്നാനത്താൽ അവനോടുകൂടെ കുഴിച്ചിടപ്പെട്ടു; ക്രിസ്തു മരിച്ചിട്ടു പിതാവിന്റെ മഹിമയാൽ ജീവിച്ചെഴുന്നേറ്റതുപോലെ നാമും ജീവന്റെ പുതുക്കത്തിൽ നടക്കേണ്ടതിനു തന്നെ. അവന്റെ മരണത്തിന്റെ സാദൃശ്യത്തോടു നാം ഏകീഭവിയ്ക്കും (റോമർ 6:4—5). ''

എത്യോപ്യയിലെ ഷണ്ഡന്റെ മാനസാന്തര അനുഭവത്തിൽ ഫിലിപ്പോസ് രാവനോടു് യേശുവിനെക്കുറിച്ചു സുവിശേഷം അറിയിച്ചതിനെ തുടർന്നു്....അവരുടെ യാത്രയിൽ വെള്ളമുണ്ടായിരുന്ന ഒരു സ്ഥലത്തെത്തിയപ്പോൾ ''ഇതാ വെള്ളം ; ഞാൻ സ്നാനം ഏല്ക്കുന്നതിന് എന്തു വിരോധം'' എന്നു ചോദിച്ചു...യേശുക്രിസ്തു ദൈവപുത്രൻ എന്നു ഞാൻ വിശ്വസിക്കുന്നു എന്നു് ഷണ്ഡൻ ഏറ്റു പറഞ്ഞതിനുശേഷം—''ഫിലിപ്പോസും ഷണ്ഡനും ഇരുവരും വെള്ളത്തിൽ ഇറങ്ങി, അവൻ അവനെ സ്നാനം കഴിപ്പിച്ചു....അവർ വെള്ളത്തിൽ നിന്നു കയറിയപ്പോൾ കർത്താവിന്റെ ആത്മാവു് ഫിലിപ്പോസിനെ എടുത്തുകൊണ്ടുപോയി....അപ്പോ: പ്രവൃത്തികൾ 8:36—39''

ഈ ഭാഗങ്ങളിൽ നിന്നു് സ്നാനം ഒരു അടക്കമാണ് എന്നതു് വ്യക്തമാണല്ലോ. തളിക്കുന്നതു് ഒരിക്കലും അടക്കത്തിന്റെ പ്രയോജനം ചെയ്യുന്നില്ല....

വചനത്തെ ശരിയായി അനുസരിക്കുന്നവർക്കുമാത്രമേ വചന പ്രകാരം സ്നാനപ്പെടുവാൻ കഴിയുകയുള്ളൂ. പൗലോസിന്റെ വാക്കുകൾ ശ്രദ്ധിക്കുക—''എന്നാൽ നിങ്ങൾ പാപത്തിന്റെ ദാസന്മാർ ആയിരുന്നുവെങ്കിലും നിങ്ങളെ പഠിപ്പിച്ച ഉപദേശ രൂപത്തെ ഹൃദയപൂർവ്വം അനുസരിച്ചു പാപത്തിൽ നിന്നു സ്വാതന്ത്ര്യം ലഭിച്ചു നീതിക്കു ദാസന്മാരായിത്തീർന്നതു കൊണ്ടു ദൈവത്തിനു സ്തോത്രം ( റോമർ 6;17—18. )''

അനുസരണത്താൽ പാപത്തിന്റെ ദാസന്മാർ നീതിയുടെ ദാസന്മാരായി തീരുന്നു...., കൂടാതെ പാപത്തിൽ നിന്ന് അവർക്കു സ്വാതന്ത്ര്യം ലഭിക്കുന്നു. ഹൃദയപൂർവ്വം, സത്യം മനസ്സിലാക്കി അതനുസരിച്ചു്, മാനസാന്തരപ്പെട്ടതിനാലാണ് അവർക്കു് ഈ സ്വാതന്ത്ര്യം ലഭിച്ചതു്. ഈ അനുഭവങ്ങളിലേയക്കു ഒരിക്കലും ഒരു ശിശുവിനു് കടന്നു് വരുവാൻ കഴിയുകയില്ല എന്നതു് നമുക്കേവർക്കും അറിയാമല്ലോ. ഏതു് ശിശുവിനാണ് താൻ പാപിയാണ് എന്ന് തിരിച്ചറിയുവാനും തുടർന്നു ഹൃദയപൂർവ്വം സുവിശേഷം സ്വീകരിക്കുവാനും കഴിയുക. !

ക്രിസ്തുവിന്റെ മരണവും, അടക്കവും, ഉയിർത്തെഴുന്നേല്പുമായ (1 കൊരിന്ത്യർ 15:1—4) സുവിശേഷത്തിന്റെ സത്യങ്ങൾ മനസ്സിലാക്കുവാനും.....പെന്തെക്കോസ്തു നാളിലെ ജനങ്ങളെപ്പോലെ ഹൃദയപൂർവ്വം മാനസാന്തരപ്പെടുവാനും കുഞ്ഞുങ്ങൾക്കു് കഴിയുമെങ്കിൽ കുഞ്ഞുങ്ങൾക്കു് നല്കുന്ന സ്നാനം നീതീകരിക്കാം.

ഇപ്രകാരം ശിശുക്കളായിരുന്നപ്പോൾ തളിച്ചു് സ്നാനപ്പെട്ടവർ പിന്നീടു പ്രായമെത്തി കഴിഞ്ഞു്—തങ്ങൾ വചനപ്രകാരമുള്ള സ്നാനമല്ല സ്വീകരിച്ചതും എന്നു് മനസ്സിലാക്കി—ഹൃദയപൂർവ്വം സത്യം സ്വീകരിക്കുമ്പോൾ യഥാർത്ഥമായ, ക്രിസ്തു വിഭാവനം ചെയ്തതും കല്പിച്ചതുമായ ആ ഏക സ്നാനത്തിനു് യോഗ്യതയുള്ളവരായി തീരുന്നു. ഒരുവനെ സ്നാനപ്പെടുത്തുന്നതിനു മുൻപു അവനെ സത്യം പഠിപ്പിച്ചു മനസ്സിലാക്കേണ്ടതു ആവശ്യമാണ്.... കർത്താവിന്റെ ശിഷ്യന്മാരായി തീരുന്നതിനുള്ള ഒരു അനുസരണമാണിതു് (മത്തായി 28:19). സ്നാനമേല്ക്കുമ്പോൾ ഒരുവൻ പാപത്തിൽ നിന്നു മോചനം നേടുന്നു, രക്ഷ പ്രാപിക്കുന്നു എന്നു മനസ്സിലാക്കിയിരിക്കണം (മർക്കോസ് 16:19, പ്രവൃത്തികൾ 2:38). കൂടാതെ സ്നാനത്തിൽ പാപങ്ങൾ കഴുകപ്പെടുന്നു. (പ്രവൃത്തികൾ 22:16).

ക്രിസ്തുവിനെ ധരിക്കുകയും, ക്രിസ്തുവിനോടു ചേർക്കപ്പെടുകയും ചെയ്യുന്നു എന്നും (ഗലാത്യർ 3:27). ജീവന്റെ പുതുക്കത്തിൽ നടക്കുവാൻ സ്നാനത്താൽ യോഗ്യതയുള്ളവനായി തീരുന്നു എന്നും അറിഞ്ഞിരിക്കേണം (റോമർ 6:3,4).

ലളിതമായ ഈ ദൈവ കല്പന അനുസരിക്കാതെ മറിച്ചുകളയുന്നവർ യോർദ്ദാൻ നദിയിൽ മുങ്ങുവാൻ മടികാണിച്ച നയമാൻ എന്ന കുഷ്ഠരോഗിയുടെ സ്വഭാവത്തെ പ്രതിനിധീകരിക്കുന്നു. (2 രാജാക്കന്മാർ 5:14).

സ്നാനമെന്ന ചടങ്ങോ, അതിനായി ഉപയോഗിക്കുന്ന ജലമോ അല്ല ഒരുവനെ രക്ഷിക്കുന്നത്, പക്ഷേ രക്ഷയക്കു മുഖാന്തിരമായ സുവിശേഷത്തോടുള്ള വിശ്വാസമാണ് ഒരുവനെ പാപത്തിൽ നിന്നു മോചിക്കുന്നത്.

നയമാൻ കുഷ്ഠരോഗത്തിൽ നിന്നു സൗഖ്യം പ്രാപിച്ചതു ജലത്തിൽ മുങ്ങിയതിനാലല്ല....പിന്നെയോ ദൈവ കല്പനയെ അനുസരിച്ചതിനാലാണ് (2 രാജാക്കൻമാർ 5:14). അതുപോലെ നമ്മുടെ പാപങ്ങളിൽ നിന്ന് നമുക്ക് മോചനം ലഭിക്കുന്നത് (നമ്മുടെ അനുസരണത്താൽ) ദൈവ കൃപയാലും ക്രിസ്തുവിൻെറ രക്തത്താലുമാണ്.

''ഇനി താമസിക്കുന്നത് എന്ത് ? എഴുന്നേററു അവൻെറ നാമം വിളിച്ചു പ്രാർത്ഥിച്ചു സ്നാനം ഏററു നിൻെറ പാപങ്ങളെകഴുകിക്കളയുക....'' (പ്രവൃത്തികൾ 22:16).
സഹായം ആവശ്യമാണെങ്കിൽ എഴുതുമല്ലോ.

* * * *

# വാങ്ങുകയോ - കൊടുക്കുകയോ?

**എഡ്നെൽ**

അപ്പോസ്തലനായ പൗലോസ് എഫെസോസിലുള്ള മൂപ്പൻമാരോട് സംസാരിക്കുമ്പോൾ ''വാങ്ങുന്നതിനേക്കാൾ കൊടുക്കുന്നതു ഭാഗ്യം എന്നു കർത്താവായ യേശു താൻ പറഞ്ഞ വാക്കു ഓർത്തുകൊൾകയും വേണ്ടതു എന്നു ഞാൻ എല്ലാംകൊണ്ടും നിങ്ങൾക്കു ദൃഷ്ടാന്തം കാണിച്ചിരിക്കുന്നു'' എന്നു പ്രസ്താവിക്കുന്നതായി കാണാം ( പ്രവൃത്തികൾ 20:35 ). കർത്താവായ യേശുക്രിസ്തു തൻെറ ശിഷ്യൻമാരോടു കൂടെ ഇരുന്ന ഒരു സന്ദർഭത്തിൽ അവരോടു ഇപ്രകാരം പറഞ്ഞു-''നിങ്ങളിൽ മഹാൻ ആകുവാൻ ഇച്ഛിക്കുന്നവനെല്ലാം നിങ്ങളുടെ ശുശ്രൂഷക്കാരൻ ആകേണം. നിങ്ങളിൽ ഒന്നാമൻ ആകുവാൻ ഇച്ഛിക്കുന്നവനെല്ലാം നിങ്ങളുടെ ദാസൻ ആകേണം. മനുഷ്യപുത്രൻ ശുശ്രൂഷ ചെയ്യിപ്പാനല്ല ശുശ്രൂഷിപ്പാനും അനേകർക്കു വേണ്ടി തൻെറ ജീവനെ മറുവിലയായി കൊടുപ്പാനും വന്നതുപോലെ തന്നേ എന്നു പറഞ്ഞു-'' ( മത്തായി 20:26-28 ).

ക്രിസ്ത്യാനികളായ നമ്മുടെ ജീവിതത്തിൽ നാമെല്ലാം ആഗ്രഹിക്കുന്നതു എല്ലാ കാര്യങ്ങളും നമുക്കുവേണ്ടി, നമ്മുടെ ഇഷ്ടപ്രകാരം സംഭവിക്കണമെന്നാണ്. സേവനം എന്ന മഹത്തായ സത്യത്തെക്കുറിച്ച്

ഒരിക്കലും ചിന്തിക്കുക കൂടി ചെയ്യാത്തവരാണ് നാം. കർത്താവിന്റെ ശിഷ്യൻമാർ തന്നെയാണോ നമ്മൾ?

മററുള്ളവരാൽ നാം സേവിക്കപ്പെടുക എന്ന തത്വം ഉപേക്ഷിച്ച് നാമെല്ലാവരും മററുള്ളവരെ സേവിക്കുവാൻ തയ്യാറായി മുന്നോട്ടിറങ്ങുമ്പോൾ സമൂഹത്തിൽ, വിശ്വാസികൾക്കിടയിൽ, സഭയിൽ എന്തുമാത്രം വ്യത്യാസം സംഭവിക്കും. നമുക്കിന്നു ലോകത്തിലെ ജനങ്ങളെ സേവിക്കുന്നതിന് സുവിശേഷം എന്ന ഏററവും വിലയേറിയ സമ്പത്തു കൈമുതലായിട്ടുണ്ട്. സുവിശേഷം മററുള്ളവരെ നിർബന്ധിച്ച് അനുസരിപ്പിക്കുക എന്നത്, തെററായ മാർഗ്ഗമാണ്.... പക്ഷെ ദാസൻമാരായി മററുള്ളവർക്ക് അത് നല്കുകയാണ് സുവിശേഷത്തിന്റെ വിജയത്തിലുള്ള രഹസ്യം. ആയതിനാൽ വാങ്ങുന്നതിനേക്കാൾ കൊടുക്കുന്നത് ഭാഗ്യം എന്ന ആ സത്യം എത്രയോ ആഴമേറിയതാണ്.

ഒരു പ്രാസംഗികൻ തന്റെ ജീവിത അനുഭവത്തിൽ നിന്നും ഈ സത്യത്തെ ഇപ്രകാരം അവതരിപ്പിക്കുകയുണ്ടായി.

ഈ പ്രാസംഗികനു ഒരിക്കൽ തന്റെ സഹോദരൻ സമ്മാനമായി നല്കിയ പുതിയ കാർ ഓടിച്ചുകൊണ്ട്....യാത്ര ചെയ്യുകയായിരുന്നു തന്റെ വേലയുമായി ബന്ധപ്പെട്ട് ഒരു വ്യക്തിയെ കാണുന്നതിനായി അദ്ദേഹം തന്റെ കാർ പാർക്ക് ചെയ്തിട്ട് ഒരു ഓഫീസിനുള്ളിലേയ്ക്ക് കയറിപ്പോയി. ഓഫീസിൽ നിന്നും മടങ്ങി തന്റെ കാറിന്റെ സമീപത്തെത്തിയപ്പോൾ ദേഹം മുഴുവൻ അഴുക്കുപുരണ്ട, വളരെ സാധുവായ ഒരു ബാലൻ തന്റെ സമീപം നില്ക്കുന്നതും കാറിനെ വളരെ ആദരവോടെ സ്പർശിക്കുകയും, ശ്രദ്ധിക്കുകയും ചെയ്യുന്നത് കാണുവാനിടയായി.

''എന്താ നിനക്ക് ഈ കാർ ഇഷ്ടപ്പെട്ടുവോ?'' പ്രാസംഗികൻ ആ ബാലനോട് ചോദിച്ചു.

''ഇഷ്ടപ്പെട്ടു.... ഈ കാർ സാറിന്റേതാണോ'' ബാലന്റെ ആകാംഷ. ''അതെ, എന്റെ സഹോദരൻ എനിയ്ക്ക് നല്കിയതാണ്''

അല്പസമയം ബാലൻ എന്തോ ആലോചിക്കുന്നതു പോലെ തോന്നി. എന്നിട്ട് ഇപ്രകാരം പറഞ്ഞു.... 'സാറിന്റ് ഈ കാർ തന്ന ആ സഹോദരനെപ്പോലെ എനിക്ക് ആകുവാൻ കഴിഞ്ഞിരുന്നെങ്കിൽ!''

'പ്രാസംഗികന് ബാലന്റെ വാക്കുകളെ വിശ്വസിക്കുവാൻ കഴിഞ്ഞില്ല. അദ്ദേഹം പ്രതീക്ഷിച്ചിരുന്നതു ആ ബാലനിൽ നിന്ന് മറെറാരു തരത്തിലുള്ള പ്രതികരണമായിരുന്നു—അതായത്—''എനിക്കും അതുപോലെയൊരു സഹോദരനുണ്ടായിരുന്നെങ്കിൽ''എന്ന്.

ബാലനോടു് അടുപ്പം തോന്നിയ പ്രാസംഗികൻ—തന്റെ കാറിനുള്ളിൽ കയറുവാനും, അല്പം തന്റെ കൂടെ സഞ്ചരിക്കുവാനും ബാലനോടു ആവശ്യപ്പെട്ടു. ''എന്റെ ശരീരം മുഴുവൻ ചെളിയാണ്'' ''പുറമെ നിന്നിൽ ചെളിയുണ്ടെങ്കിലും നിന്റെ ഹൃദയം ശുദ്ധമാണ്'' എന്നു പറഞ്ഞു പ്രാസംഗികൻ അവനെ കാറിനുള്ളിൽ പിടിച്ചിരുത്തി.

ആ ബാലൻ കാറിന്റെ ഉടമയായ അദ്ദേഹത്തോട് അവന്റെ വീട്ടിന്റെ ഭാഗത്തേയ്ക്ക് യാത്രചെയ്യുവാൻ നിർബന്ധിച്ചു. വളരെ പഴക്കം ചെന്ന ഒരു ചേരി പ്രദേശത്തിലൂടെയാണ് ആ പുതിയ കാർ യാത്ര തുടർന്നത്....ബാലന്റെ ആവശ്യ പ്രകാരം കാർ ഒരു ചെറിയ കുടിലിനു മുൻപിൽ നിർത്തപ്പെട്ടു....ബാലൻ പെട്ടെന്ന് പുറത്തേയ്ക്ക് ഓടി കുടിലിനുള്ളിൽ പ്രവേശിച്ചു....

പ്രാസംഗികൻ ബാലന്റെ മുഖം പ്രതീക്ഷിച്ച് കുടിലിലേയ്ക്കു നോക്കിയിരിക്കുമ്പോൾ....അദ്ദേഹത്തിനു കാണുവാൻ കഴിഞ്ഞതു....തന്റെ കൂടെ യാത്രചെയ്തിരുന്ന ആ ബാലൻ തന്നേക്കാളും അല്പം പ്രായം കുറഞ്ഞ, കാൽ രണ്ടും തളർന്ന കുട്ടിയോട് ആ ബാലൻ ഇപ്രകാരം പറയുകയുണ്ടായി....''നോക്കൂ, ഞാൻ നിന്നോട് പറയാറില്ലേ, ഇതുപോലെയുള്ള ഒരു കാറാണ് ഞാൻ നിനക്കുവേണ്ടി വാങ്ങുവാൻ പോകുന്നത്''

ആ ബാലൻ പ്രാസംഗികനോട് ഇപ്രകാരം പറഞ്ഞു ''സാർ'' ഇവനു നടക്കുവാൻ കഴിയുകയില്ല. ഞാൻ പട്ടണത്തിൽ നിന്നു വന്ന് അവിടെ കണ്ട കാഴ്ചകളെല്ലാം ഇവനോട് വിവരിക്കാറുണ്ടു്....പക്ഷെ അവയൊന്നും അവന് മനസ്സിലാകുകയില്ല. ഞാൻ അവനു വേണ്ടി കാശു സമ്പാദിച്ചു ഇതുപോലെ ഒരു കാർ അവനു വാങ്ങും. അപ്പോൾ അവനു എല്ലാം കാണാമല്ലോ.''

പ്രാസംഗികനു തന്റെ കാതുകളെ വിശ്വസിക്കുവാൻ കഴിഞ്ഞില്ല....

പ്രിയ സുഹൃത്തേ....നമ്മുടെ ജീവിത ഉദ്ദേശ്യം, ലക്ഷ്യവും എന്തിനുവേണ്ടിയാണ്? നമ്മുടെ സ്വാർത്ഥമായ, ആഗ്രഹങ്ങൾക്കും, സ്വപ്നങ്ങളുടെ സാക്ഷാത് കാരത്തിനു മാണോ? അതോ....മറ്റുള്ളവരുടെ അനുഗ്രഹത്തിനും, സന്തോഷത്തിനുമോ?....

''നാം അന്യോന്യം സ്നേഹിക്കുന്നുവെങ്കിൽ ദൈവം നമ്മിൽ വസിക്കുന്നു; അവന്റെ സ്നേഹം നമ്മിൽ തികഞ്ഞുമിരിക്കുന്നു'' (1 യോഹന്നാൻ 4:12).

* * * *

YOUR ATTENTION PLEASE!

# Radio Srilanka Broadcasts

**ENGLISH** — *The Voice of Truth* — Speakers : Reggie Gnanasundaram and J. C. Choate.

All correspondence should be sent to The Voice of Truth. Post Box 3815, New Delhi 110049.

Sundays—10 : 15 to 10 : 30 P.M.
Tuesdays— 9 : 30 to 9 : 45 A.M.

**HINDI**—*Satya Susamachar*—Speaker : Sunny David.

All correspondence Should be sent to Satya- Susamachar, post Box 3815, New Delhi 110049.

Tuesdays—9 : 00 to 9 : 15 P.M.
Thursdays—9: 00 to 9 : 15 P.M.
Fridays — 9 ; 00 to 9 : 15 P. M.
Saturdays— 9 : 45 to 10 : 00 P. M.

**TELUGU**—*The Voice of Truth*—Speaker : Joshua Gootam

All correspondence should be sent to The Voice of Truth. Post Box 80, Kakinada 533001.

Sundays—2 : 30 to 2 : 45 P. M.
Mondays —2 : 30 to 2 : 45 P.M.
Tuesdays—2: 30 to 2 : 45 P.M.
Wednesdays—2 : 30 to 2 : 45 P.M.
Fridays — 2 : 30 to 2 : 45 P.M.
Saturdays—2 : 30 to 2 : 45 P.M.

**TAMIL**—*The Way of Truth*— Speaker : P. R. Swamy.

All correspondence should be sent to The Way of Truth. Post Box 3301, Bangalore 560033.

Tuesdays— 5 : 30 to 5 : 45 P. M.
Thursdays—6 : 45 to 7 : 00 P M.
Friday—6 : 45 to 7 : 00 P.M.

**MALAYALAM**—The Voice of Truth—Speaker : P. K. Varghese

All Correspondence should be sent to Church of Christ Quilon—1, Kerala.

Tuesdays—3 : 45 to 4 : 00 P.M.
Fridays — 3 : 45 to 4 : 00 P.M.

## ALL ARE ENCOURAGED TO LISTEN

Bible Correspondence Courses and Christian Literature are available in these different languages from the addresses listed. Also the radio sermons are available in book form.

Regd : No. K Dis, 90095/ 86/ A8

## You are Cordially Invited To Attend

Worship Services and Bible Studies

Sunday - 10 a. m.

Tuesday- 6. 30 p. m.

Meeting place

**CHURCH OF CHRIST BUILDING**
Sunny Meads Lane
Behind Sanskrit College, palayam
Trivandrum-34

All correspondence should be sent to the Editor Bible Truth. Church of Christ, Trivandrum-34, Kerala, South India.

To

From

**THE BIBLE TRUTH**
Church of Christ
Sunny Meads Lane
Trivandrum-34
Kerala, India